TAB

# TRICHUR ARCHDIOCESAN BULLETIN

2022 ഫെബ്രുവരി വാല്യം: 89 ലക്കം: 02




യോഹന്നാൻ 6: 47-59 (ജീവന്റെ അപ്പം)



2022 ജനുവരി 16ന് കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട
ചിറയ്ക്കൽ സെന്റ് ആന്റണി ഇടവക ദൈവാലയവും അൾത്താരയും





Trichur Archdiocesan Bulletin
TAB
ESTD: 1934

**ഫെബ്രുവരി 2022**
ലക്കം:02 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| സർക്കുലർ | 3 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 16 |
| സഹായമെത്രാന്റെ പരിപാടികൾ | 17 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 25 |
| വൈദികർ | 29 |
| സന്യസ്തർ | 31 |
| മതബോധനം | 36 |
| സ്ഥാപനങ്ങൾ | 42 |
| സംഘടനകൾ | 60 |

# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**

**കർദിനാൾ ജോർജ് ആലഞ്ചേരി**

Prot. No. 0041/2022

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടുവർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം

കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെസത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള**

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022

മെയ് 15–ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃക ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം സഭയുടെ പ്രേഷിത ചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെസന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെസന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിത ചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ

മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആ ഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ്മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

**കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും**

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെസത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക,

കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018–ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞു വരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാ ഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ

സഭാതലത്തിൽ നല്കുന്നതാണ്.
സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാരംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കുതിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ(Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം**

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെപാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം

എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം–അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27–ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7–നും 2022 ജനുവരി 7–നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം–അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാപാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായ മെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ

കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.
നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.
കാരുണ്യവാനായ കർത്താവിന്റെകൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

+ Geo Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2022 ജനുവരി 30–ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ



## 1. ഓർമിക്കേണ്ട ദിവസങ്ങൾ

2 : നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം

2 : നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം
(പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ)

4 : വി. ജോൺ ബ്രിട്ടോ

5 : *ആദ്യവെള്ളി*

: ഗ്രീക്കു സഭാപിതാക്കന്മാർ
സുറിയാനി സഭാപിതാക്കന്മാർ

7 : **ദനഹാ ആറാം ഞായർ**

11 : ലൂർദ്ദ്മാതാവ് (രോഗീദിനം)

13 : **ദനഹാ ഏഴാം ഞായർ**

20 : **ദനഹാ എട്ടാം ഞായർ**

23 : വി. പൊലിക്കാർപ്പ്

25 : വാ. സി. റാണി മരിയ

27 : **നോമ്പ് ഒന്നാം ഞായർ**
ഇന്ന് പാതിരാമുതൽ നോമ്പാരംഭം.
ഉയിർപ്പു വരെ വിവാഹാഘോഷം മുടക്ക്

28 : നോമ്പാരംഭം
ഉപവാസദിനം

**2. നോമ്പുകാലം**

ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് വലിയ നോമ്പാചരണത്തിന്റെ അടിസ്ഥാനം. ഉപവാസവും പ്രാർത്ഥനയും കൊണ്ടു സാത്താനെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും കഴിയുമെന്ന ഉറപ്പാണ് നോമ്പുകാലം നമുക്കു നൽകുന്നത്.

ദ്രവ്യാസക്തി പാപകാരണമാകുന്നുവെന്നും ദൈവദാനമായ

സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും അങ്ങനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വന്തമാക്ക ണമെന്നും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. സർവ്വവും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ച ശിഷ്യന്മാരെപ്പോലെ ദൈവത്തെ സമ്പത്തായി സ്വീകരിക്കുന്നവനാണ് യഥാർത്ഥശിഷ്യൻ എന്ന ഉൾക്കാഴ്ചയും ഈ കാലം നമുക്കു നൽകുന്നുണ്ട്.

മാനസാന്തരം, ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവയിലൂടെ ആർജ്ജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണ വിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാനമാണ്; അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം നമ്മെ പഠിപ്പിക്കുന്നു.

പാപം ഏറ്റുപറയുമ്പോഴാണ് രക്ഷ കരഗതമാകുന്നത്. പാപത്തിന്റെ ചെളിപുരണ്ട പുറങ്കുപ്പായം ഊരി ദൂരെയെറിയുന്നവനു മാത്രമേ മിശിഹായേ അനുഗമിക്കാനാകൂ. നമ്മുടെ വിശുദ്ധീകരണമാണ് ദൈവഹിതമെന്ന് വ്യക്തമാക്കുന്നതോടൊപ്പം ഈശോമിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണത്താലാണ് നമ്മുടെ വിശുദ്ധീകരണം സാധ്യമാകുന്നതെന്നും സഭ ഉദ്ബോധിപ്പിക്കുന്നു.

ഇച്ഛിക്കാത്ത തിന്മ ചെയ്യാൻ ശരീരം നമ്മെ പ്രേരിപ്പിക്കുമ്പോൾ പാപം ചെയ്യാതെ ജീവിക്കുക എന്നത് വലിയ സഹനമാണ്. പുണ്യപൂർണ്ണ തക്കുവേണ്ടിയുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. നമുക്കുണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസവളർച്ചക്കും മിശിഹായോട് ഐക്യപ്പെടുന്നതിനും സഹായകമാകണം. മിശിഹായുടെ സഹനത്തോട് വിശ്വാസപൂർവ്വം ചേർന്നു നില്ക്കുമ്പോഴാണ് ഉത്ഥാനാനുഭവത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

**3. യുവവൈദികർക്കുള്ള തുടർപരിശീലന പരിപാടി**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2017–2020 ബാച്ചുകൾ) തുടർപരിശീലന പരിപാടി 2022 ഫെബ്രുവരി 21 തിങ്കൾ രാവിലെ 10 മുതൽ 22 ചൊവ്വ ഉച്ചകഴിഞ്ഞ് 4.30 വരെ ഡിബിസി എൽസിയിൽ വെച്ച് നടത്തപ്പെടുന്നു. യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകാൻ സഹായിക്കുന്ന വിധത്തിലാണ് ഈ പരിപാടി ക്രമീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ പരിപാടിയിൽ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

**4. സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള പരിശീലനപരിപാടി**

ഈ വർഷം സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള മീറ്റിംഗ് (അസി. വികാരിമാരും അസി. ഡയറക്ടറുമാരുമൊഴികെ) 2022 മാർച്ച് 7 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റീംഗിൽ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

**5. ആദ്യമായി വികാരിമാരാകുന്നവർക്കുള്ള പരിശീലനപരിപാടി**

നമ്മുടെ അതിരൂപതയിൽ ആദ്യമായി വികാരിമാരാകുന്നവർക്കുള്ള (വികാരിശുശ്രൂഷയിൽ ആദ്യ മൂന്ന് വർഷങ്ങളിൽ ഉള്ളവർക്ക്: ബാച്ച് 2014 –2016) പരിശീലനപരിപാടി 2022 മാർച്ച് 14 (തിങ്കൾ) രാവിലെ 10 മുതൽ മാർച്ച് 15 (ചൊവ്വ) ഉച്ചതിരിഞ്ഞ് 4.30 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെടുത്തുന്നു. അജപാലനശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീനപരിപാടി ലക്ഷ്യമിടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റീംഗിൽ സാന്നിധ്യം ഉറപ്പുവരുത്തുമല്ലോ.

**6. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2022 ഫെബ്രുവരി 2ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. സ്വീകരണവിവരം നവവൈദികരെ അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 9–ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**7. വൈദികരുടെ നിയമനം :**

1. ഫാ. സീജൻ ചക്കാലക്കൽ – പഠനാവധി; സഹവികാരി മറ്റം ഒഴിവായി; സാധുത 2021 ഡിസംബർ 6 മുതൽ.
2. ഫാ. റിഥിൻ ചിറ്റിലപ്പിള്ളി OFM.Cap.– സഹവികാരി മറ്റം; സാധുത 2021 ഡിസംബർ 6 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

**2022 FEBRUARY Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Tue | Evening | Cremation Centre Blessing at Mulayam |
| 02 | Wed | Morning | Priest Conference |
| 03 | Thu | | Engaged |
| 04 | Fri | Morning | Curia Meeting |
| 05 | Sat | Morning | Golden Jubilee of Sisters : Holy Mass at St. Paul's School, Kuriachira |
| 06 | Sun | Morning | Holy Mass and Cemetry Blessing at Pazhayannur |
| 08 | Tue | Morning | Curia Meeting |
| 09 | Wed | Morning | Priests' Transfer |
| 11 | Fri | Morining | Curia Meeting |
| 12 | Sat | Morining | Kerala Catholic Franciscan Family Union Thrissur Zone Annual Meeting at Calvary Ashram |
| 14 | Mon | | Engaged |
| 15 | Tue | Morning | Curia Meeting |
| 16 | Wed | Evening | JMMC Trust Meeting |
| 17 | Thu | Morning | Death Anniversary of Bp. Pastor Neelankavil at Kuttur |
| | | Afternoon | Consulters' Meeting |
| 18 | Fri | Morning | Curia Meeting |
| 21 | Mon | Morning | Priests' Training Programme 2017-2020 Batch |
| 22 | Tue | Morning | Curia Meeting, Priests' Training Programme 2017-2020 Batch |
| 23 | Wed | | Engaged |
| 25 | Fri | Morning | Curia Meeting |
| 28 | Mon | Morning | Ash Monday, Holy Mass at Lourdes Cathedral |

# ENGAGEMENTS

**2022 FEBRUARY** **Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Tue | Morning | Curia Meeting |
| | | | Holy Mass, Thaikkattussery |
| 02 | Wed | All day | Presbyterium Meeting |
| 03 | Thu | Morning | Holy Mass, MMMS Mulayam |
| | | Afternoon | Retirement Ceremony, LFC Guruvayur |
| 04 | Fri | Morning | Curia Meeting |
| 05 | Sat | Morning | Holy Mass, North Thangalur |
| 07 | Mon | Morning | Synaxis class,CHF Generalate Mannuthy |
| 08 | Tue | Morning | Curia Meeting |
| 09 | Wed | All day | Transfer of Priests |
| 10-13 | | All days | Trichy |
| 14 | Mon | Morning | Holy Mass, MSMI C onvent, Varakkara |
| | | Evening | Editorial meeting of Catholicasabha |
| 15 | Tue | Morning | Curia Meeting |
| 16 | Wed | Evening | Jubille Mission Hospital Trust Meeting |
| 17 | Thu | Afternoon | Consultors' Meeting |
| 18 | Fri | Morning | Curia Meeting |
| | | | Scholars' Meet, St. Thomas College |
| 19 | Sat | Morning | Holy Mass, Sagar Bhavan, Kuttur |
| 22 | Tue | Morning | Curia Meeting |
| 24 | Thu | All day | Holy Mass, St. Paul's Gurukulam |
| 25 | Fri | Morning | Curia Meeting |
| 28 | Mon | Morning | Ash Monday, Holy Mass at Basilica |

# നാളാഗമം

**ഡിസംബർ 2021**

1. അഭിവന്ദ്യ താഴത്ത് പിതാവ് ആറം പിള്ളിയിലുള്ള സെന്റ്. മരിയ ഡി മത്തിയാസ് കോൺവെന്റിൽ ദിവ്യ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. വൈകിട്ട് പറോക് ബോർഡ് ഓഫ് സ്റ്റഡീസിന്റെ മീറ്റിം ങ്ങിൽ പങ്കെടുത്തു.
2. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴി ഞ്ഞ് പ്രസ്ബിറ്ററി കൗൺസിൽ മീറ്റിംങ്ങിലും കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംങ്ങിലും സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് കെ.സി.ബി.സിക്ക് വേണ്ടി വീഡിയോ സന്ദേശം നൽകി.
3. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കെ.സി.എസ്.എൽ. ജൂബിലി മീറ്റിം ങ്ങിൽ പങ്കെടുത്തു. വൈകിട്ട് പീച്ചി യിൽ എം.എം.ബി സഭ നടത്തുന്ന വികലാംഗർക്ക് വേണ്ടിയുള്ള റിഹാബിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയും എൽ.ആർ.സി. വെബിനാറിൽ സംബന്ധിക്കുകയും ചെയ്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി.സി.എൽ.സി. യിൽ ദിവ്യബലി

യർപ്പിച്ചു. തിരുവില്വാമല സെന്റ് പോൾസ് ഗുരുകുലം സന്ദർശിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോളങ്ങാട്ടുകര പള്ളിയിൽ കാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകിട്ട് മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ മണ്ണുത്തി ഭദ്രാസനത്തിൽ പുതിയ കാതോലിക്കബാവയായ മോറാൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് മൂന്നാമന് നൽകിയ സ്വീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും കെ.സി.ബി.സി.യുടെ കോർ കമ്മിറ്റി മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു. അഭിവന്ദ്യപിതാക്കന്മാർ ബോൺ നത്താലെ മീറ്റിംങ്ങിൽ പങ്കെടുത്തു.

5. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് ഷംഷാബാദ് രൂപതാംഗമായ ഫാ. ലിയോ വെമ്പിലിന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും നിർമ്മലപുരം പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് എരനെല്ലൂരിൽ ബഹു. ഓസ്വിൻ പൊറത്തൂർ സി.എം. ഐ. അച്ചനെ കുറിച്ചുള്ള പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചു. വൈകിട്ട് കുട്ടംകുളം പള്ളിയിലെ നവീകരിച്ച കപ്പേള വെഞ്ചിരിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് മണ്ണംപേട്ട സെന്റ് മർത്താ കോൺഗ്രിഗേഷന്റെ ജനറലേറ്റിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും സെന്റ് തോമസ് കോളേജിന്റെ പുതിയ ലൈബ്രറി വെഞ്ചിരിക്കുകയും മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് മാതൃവേദിയുടെ മെറിറ്റ് ഡേയിൽ പങ്കെടുക്കുകയും സെന്റ് തോമസ് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംങ്ങിൽ പങ്കെടുക്കുകയും അമല നഗർ പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു
7. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണംപേട്ടയിലെ മർത്ത ജനറലേറ്റിൽ സിനാക്സിസിനോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു. ഡിസംബർ 7 മുതൽ 9 വരെ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
8. അഭിവന്ദ്യപിതാക്കന്മാർ കെ.സി.ബി.സി മീറ്റിംങ്ങിൽ പങ്കെടുത്തു.
9. അഭിവന്ദ്യപിതാക്കന്മാർ കെ.സി.ബി.സി മീറ്റിംങ്ങിൽ പങ്കെടുത്തു.

10. അഭിവന്ദ്യപിതാക്കന്മാർ രാവിലെ മെത്രാപ്പോലീത്തൻ കോടതി മീറ്റിം ങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് രാമ വർമ്മപുരത്തെ ചിൽഡ്രൻസ് ഹോം സന്ദർശിക്കുകയും മൈനർ സെമിനാരിയുടെ എക്സിക്യൂട്ടീവ് മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു. വൈകിട്ട് ശാലോം ടിവിക്ക് വേണ്ടി ക്രിസ്തുമസ് സന്ദേശം നൽകുകയും എൽ.ആർ.സി വെബിനാറിൽ സംബന്ധിച്ചു. അഭിവന്ദ്യപിതാക്കന്മാർ ജൂബിലി മിഷ്യൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിം ങ്ങിൽ പങ്കെടുത്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമാസ് കോളേജിൽ വച്ചു കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടന്ന Cancer Awareness Programme ന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫാമിലി അപ്പസ്തോലേ റ്റിന്റെ നേതൃത്വത്തിൽ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് നടന്ന വിവാഹ ത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു. വൈകിട്ട് മൈനർ സെമിനാരിയിൽ വച്ച് നടന്ന LOAF ന്റെ മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ചിറനെല്ലൂർ ഇടവകയിൽ ഇടവക സന്ദർശനം നടത്തി.
12. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ ദിവ്യബലി യർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ചിറനെല്ലൂർ ഇടവകയിൽ ഇട വക സന്ദർശനം നടത്തി. കെ.സി.വൈ.എമ്മിന്റെ നേതൃത്തിൽ കുരി യച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന യുവജനസംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
13. അഭിവന്ദ്യ താഴത്ത് പിതാവ് ബോൺ നത്താലെ കമ്മറ്റിയുടെ നേതൃ ത്വത്തിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് കത്തോലിക്കാസ ഭയുടെ എഡിറ്റോറിയൽ മീറ്റിംങ്ങിലും പറോക് ബോർഡ് ഓഫ് സ്റ്റഡീ സിന്റെ മീറ്റിംങ്ങിലും സംബന്ധിച്ചു.
14. അഭിവന്ദ്യ താഴത്ത് പിതാവ് ബാംഗ്ലൂരിൽ വച്ചു നടന്ന സെന്റ് ജോൺസ് മെഡിക്കൽ കോളേജിന്റെ ഗവേണിങ്ങ് ബോർഡ് മീറ്റിംഗിൽ പങ്കെടു ത്തു. അഭിവന്ദ്യ ടോണി പിതാവ് ആലപ്പുഴ ബിഷപ്സ് ഹൗസും മൈനർ സെമിനാരിയും സന്ദർശിച്ചു.
15. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂരിലെ ORO Gold ൽ വച്ച് ദീപിക ഷോപ്പിംഗ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളപ്പായ പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് മേരിമാതാ മേജർ സെമിനാരിയിൽ ദൈവശാസ്ത്ര പരീക്ഷക്ക് എക്സാമിനർ ആയി.

16. അഭിവന്ദ്യ പിതാക്കന്മാർ ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന ആലോചന സമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പാലയൂരിൽ ആരംഭിച്ച കൃപാഭിഷേകം ധ്യാനം ഉദ്ഘാടനം ചെയ്യുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. സ്ഥിരം സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എഫ്.സി.സി തൃശൂർ പ്രൊവിൻഷ്യൽ സിനാക്സിസുമായി ബന്ധപ്പെട്ട് വി. ബലി അർപ്പിച്ചു.
17. അഭിവന്ദ്യ താഴത്ത് പിതാവ് നെല്ലങ്കര സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയുടെ ഹോസ്പിറ്റൽ ഡേ ആഘോഷങ്ങളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. അഗസ്റ്റിൻ മംഗലം അച്ചന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് വെങ്ങിണിശ്ശേരി പള്ളിയിൽ രാവിലെ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ സ്റ്റാഫ് മീറ്റിംങ്ങിലും പി.ടി.എ. വാർഷിക പൊതുയോഗത്തിലും പങ്കെടുത്തു. വൈകിട്ട് എൽ.ആർ.സി. വെബിനാറിൽ സംബന്ധിച്ചു.
18. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ്നാഥാ പ്രോവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറ്റുപ്പുഴ എസ്.എ.ബി.എസ്. കോൺവെന്റിൽ വി. ബലി അർപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് നടന്ന വിവാഹത്തിന്റെ സുവർണ ജൂബിലിയാഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്ന ചടങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ചു നടന്ന ബോൺ നത്താലെ ആഘോഷങ്ങളിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
19. അഭിവന്ദ്യ താഴത്ത് പിതാവ് തൊയക്കാവ് തിരുഹൃദയ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഒല്ലൂക്കര സെന്റ് ജോസഫ്സ് ദൈവാലയത്തിലെ ബലിപീഠത്തിന്റെ കൂദാശകർമ്മം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ ഇലക്ഷനിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. തുടർന്ന് ഡി.ബി.സി.എൽ.സിയിൽ വച്ചു CTC Certificate വിതരണം അഭിവന്ദ്യ താഴത്ത് പിതാവ് നിർവഹിച്ചു. വൈകിട്ട് തൃശ്ശൂർ എക്യുമെനിക്കൽ സമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ മാർത്ത് മറിയം പള്ളിയിൽ വച്ചു നടന്ന ക്രിസ്തുമസ് ആഘോഷം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിലും പുറ

നാട്ടുക്കര പള്ളിയിലും വി. ബലി അർപ്പിച്ചു. ഡി.ബി.സി.എൽ.സിയിൽ സി.ടി.സി കോഴ്സിൽ പങ്കെടുക്കുന്നവരോട് സംവദിച്ചു. ഉച്ച കഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രലിൽ വിവാഹത്തിന്റെ രജത ജൂബിലി ആഘോഷി ക്കുന്ന ദമ്പതിമാർക്ക് വേണ്ടി വി. ബലി അർപ്പിക്കുകയും നീലങ്കാ വിൽ ഫാമിലി അസോസിയേഷൻ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് പറോക് റിസോഴ്സ് ഗ്രൂപ്പിന്റെ മീറ്റിംങ്ങിലും മര ത്താക്കരയിൽ ട്രിനിറ്റി കപ്പിൾ കൂട്ടായ്മയിലും പങ്കെടുത്തു.

20. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുതുക്കാട് പള്ളിയിൽ പണ്ടാരി ബാബു+റെയ്നോൾഡ് ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ ജിയ മരിയക്ക് മാമ്മോദീസ നൽകുകയും സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച പ്ലെയ്സ്മെന്റ് മീറ്റിന് നേതൃത്വം നൽകി. ഉച്ച കഴിഞ്ഞ് ഡി.ബി.സി.എൽ.സിയിൽ ഡീക്കന്മാരോടും അവരുടെ മാതാപിതാക്ക ളോടും സംവദിച്ചു. അന്തരിച്ച ബഹു. റോസ് മരിയ എസ്.എസ്. ജെ.ഡബ്ള്യൂ സിസ്റ്ററുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് പീച്ചി കോൺവെന്റിൽ വൈകിട്ട് മുഖ്യകാർമ്മികനായി.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ വച്ച് കേന്ദ്രമന്ത്രി ശ്രീ ഭൂപേ ന്ദർ യാദവുമായി കൂടിക്കാഴ്ച്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മലങ്കര കത്തോലിക്ക മുവാറ്റുപ്പുഴ രൂപതയിലെ അച്ചന്മാർക്ക് ധ്യാനം നടത്തി. വൈകിട്ട് പി.ഒ.സിയിൽ ഇന്റർ കമ്മീഷൻ മീറ്റിംങ്ങിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ജില്ലാ മാനസിക ആരോഗ്യകേ ന്ദ്രത്തിലെ ക്രിസ്തുമസ് ആഘോഷങ്ങളിലും ജീസസ് ഫ്രറ്റേണിറ്റി യുടെ നേതൃത്വത്തിൽ വിയ്യൂർ സെൻട്രൽ ജയിലിൽ വച്ചു നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിലും പങ്കെടുത്തു. തുടർന്ന് തങ്ങാലൂർ നോർത്ത് സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് തിരുവില്വാമല ഗുരുകുലം സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും ബ്രദേഴ്സുമായി സംവ ദിക്കുകയും തിരുപ്പട്ടത്തിന് ഒരുങ്ങുന്ന ഡീക്കന്മാർക്ക് വേണ്ടി വീഡിയോ സന്ദേശം നൽകുകയും ചെയ്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് അരിമ്പൂർ ഇടവകാംഗമായ പൂപ്പാടി മേജോ + സോണിയ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ (സാമു വൽ) മാമ്മോദീസ നടത്തി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് വിവിധ ചാനലുകൾക്ക് വേണ്ടി ക്രിസ്തുമസ് വീഡിയോ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് കമ്മിറ്റി മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് മണ്ണുത്തി പള്ളി നിർമ്മിച്ചു കൊടുത്ത കാരുണ്യ ഭവനം വെഞ്ചിരിച്ചു. വൈകിട്ട്

ആർച്ച്ബിഷപ്സ് ഹൗസിൽ വച്ച് സംഘടിപ്പിച്ച *അയൽക്കൂട്ടം* ക്രിസ്തുമസ് ആഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിലെ പുതിയ ബലിപീഠത്തിന്റെ കൂദാശാകർമ്മം നിർവ ഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഭരത പുനർജീവൻ ആശ്ര മത്തിൽ അന്തേവാസികൾക്കായി വി. ബലി അർപ്പിച്ചു. വൈകിട്ട് ചിറ്റാ ട്ടുക്കര പള്ളിയിൽ നവീകരിച്ച ഗ്രോട്ടോ വെഞ്ചിരിക്കുകയും പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ക്രിസ്തുമസിന്റെ പാതിരാ കുർബാനക്ക് പുത്തൻപള്ളിയിൽ മുഖ്യകാർമ്മികനായി.

25. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിലെ ക്രിസ്തുമസ് തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വിയ്യൂർ സെൻട്രൽ ജയിലിൽ അന്തേവാസി കൾക്കായി വി. ബലി അർപ്പിച്ചു. ഉച്ചക്ക് തൃശൂർ ഗവൺമെന്റ് മെഡി ക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്തു. വൈകിട്ട് ആറ്റുപുറം പള്ളിയുടെ എൽ.പി സ്കൂളിന് തറക്കല്ലിട്ടു.

26. അഭിവന്ദ്യ താഴത്ത് പിതാവ് കാച്ചേരി ഇടവകയിൽ ഡീക്കൻ അനൽസ് ഫ്രാൻസിസ് ആലപ്പാട്ട് സി.എം.ഐ. ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കോലഴി ഇടവകയിൽ ഡീക്കൻ ഡിറ്റോ സുപ്രത്ത് സി. എം.ഐ ക്ക് തിരുപ്പട്ടം നൽകി. തുടർന്ന് ചേലക്കര ഫൊറോന വികാരി ഫാ. തോമസ് വടക്കൂട്ടിന്റെ രജത ജൂബിലി ആഘോഷങ്ങ ളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. ഡി.ബി.സി.എൽ.സി യിൽ വച്ചു LOAF ന്റെ നേതൃത്വത്തിൽ നടന്ന കുടുംബസംഗമത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പെരിങ്ങോട്ടുക്കര പള്ളിയിൽ ഡീ. ജെറിൻ തറയിൽ സി.എം.ഐ. ക്ക് തിരുപ്പട്ടം നൽകി. ഉച്ച കഴിഞ്ഞ് വെള്ളാനിക്കോട് പള്ളിയിൽ ഡീ. സ്റ്റിയോ കാച്ചപ്പിള്ളി സി.എം.ഐ. ക്ക് തിരുപ്പട്ടം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളറക്കാട് ഇടവകയിൽ ഡീക്കൻ ഗോഡ്വിൻ എടക്കളത്തൂരിന് തിരുപ്പട്ടം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പേരകം പള്ളിയിൽ ഡീ. പോൾ മുട്ടത്തിന് തിരു പ്പട്ടം നൽകി. വൈകിട്ട് ഡി.ബി.സി.എൽ.സിയിൽ നടന്ന ബോൺ നത്താലെ പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടു ത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര ഇടവകയിൽ ഡീക്കൻ ജിയോ വേലൂക്കാരന് തിരുപ്പട്ടം നൽകി. അരിമ്പൂർ ഇടവകയിൽ ഡീക്കൻ അരുൺ കാഞ്ഞിരത്തിങ്കലിനും ഡീക്കൻ ഗിഫിൻ നീലങ്കാവിൽ സി. എം.ഐ.ക്കും തിരുപ്പട്ടം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ

പാലക്കൽ പള്ളിയിൽ ഡീ. വർഗീസ് ചക്കാലക്കൽ സി.എം.ഐ. ക്ക് തിരുപ്പട്ടം നൽകി. ബഹു. ജിയോ ചിരിയൻക്കണ്ടത്ത് അച്ചന്റെ അപ്പന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് അഭിവന്ദ്യപിതാക്കന്മാർ വൈകിട്ട് നെടുപുഴ പള്ളിയിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഇടവകയിൽ ഡീക്കൻ ഹാഡ്ലി നീലങ്കാവിലിന് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് നെല്ലിക്കുന്ന് ഇടവകയിൽ ഡീക്കൻ ജോൺ (ജാക്സൺ) പേരാമംഗലത്തിന് തിരുപ്പട്ടം നൽകി. തുടർന്ന് പുതുതായി പണിതീർത്ത എബനേസർ മാർത്തോമ്മ ദൈവാലയത്തിന്റെ കൂദാശകർമ്മത്തോടനുബന്ധിച്ചുള്ള മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തലോർ പള്ളിയിൽ ഡീ. ഗോഡ്വിൻ കിഴക്കൂടന് തിരുപ്പട്ടം നൽകി. ഉച്ച കഴിഞ്ഞ് ഒല്ലൂക്കര പള്ളിയിൽ ഡീ. ആഡ്വിൻ ഐനിക്കലിന് തിരുപ്പട്ടം നൽകി. വൈകിട്ട് വൈലത്തൂരിൽ എഫ്. സി.സി സന്ന്യാസ സഭയുടെ സ്കൂളിന്റെ ശതാബ്ദി സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.


30. അഭിവന്ദ്യ താഴത്ത് പിതാവ് പാവറട്ടി ഇടവകയിൽ ഡീക്കൻ ഡെബിൻ ഒലക്കേങ്കിലിനും ഡീക്കൻ ലിൻസ്റ്റൺ ഒലക്കേങ്കിൽ സി.എം.ഐ. ക്കും തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ്, വെണ്ടോർ ഇടവകയിൽ ഡീക്കൻ ആൻസൻ ഒല്ലൂക്കാരൻ സി.എം.ഐ.ക്ക് തിരുപ്പട്ടം നൽകി. തുടർന്ന് പെരിഞ്ചേരി ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. വൈകിട്ട് പാസ്റ്ററൽ സെന്ററിൽ വച്ച് കലാസദന്റെ ജൂബിലി വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറപ്പൂർ പള്ളിയിൽ ഡീ. ആന്റണി ചിറ്റിലപ്പിള്ളിക്ക് തിരുപ്പട്ടം നൽകി. ഉച്ച കഴിഞ്ഞ് മൂണ്ടൂർ പള്ളിയിൽ ഡീ. ജെയിംസ് ആലപ്പാട്ട് സി.എം.ഐ ക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് തൃശൂർ കിഴക്കേക്കോട്ടയിലെ മാർ തോമ പള്ളിയിൽ ക്രിസ്തുമസ് സന്ദേശം നൽകി.

31. അഭിവന്ദ്യ താഴത്ത് പിതാവ് മറ്റം ഇടവകയിൽ ഡീക്കൻ സൂരജ് കാക്കശ്ശേരി സി.എം.ഐ.ക്ക് തിരുപ്പട്ടം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളപ്പായ പള്ളിയിൽ ഡീ. ജിനു പയ്യപ്പിള്ളിക്ക് തിരുപ്പട്ടം നൽകി. ഉച്ച കഴിഞ്ഞ് നെടുപുഴ പള്ളിയിൽ ഡീ. ബെൻവിൻ തട്ടിലിന് തിരുപ്പട്ടം നൽകി.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനിയാചരണം**

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ സ്മരണാർത്ഥം ജനുവരി മാസത്തെ രണ്ടാം ശനിയാചരണം 08.01.2022 ന് ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിൽ നടത്തുകയുണ്ടായി. ജപമാലയർപ്പണത്തിനും ആരാധനക്കും നേതൃത്വം നൽകിയത് മുണ്ടത്തിക്കോട് ക്രൈസ്റ്റ് ദ കിങ്ങ്, സെന്റ് ജോൺസ് എന്നീ രണ്ട് ചാരിറ്റി സന്ന്യാസിനി സമൂഹത്തിലെ അംഗങ്ങളായിരുന്നു. അറിയപ്പെടുന്ന ധ്യാനഗുരുവും ആത്മീയപിതാവുമായ ഫാ. ജോസ് എടാട്ടുകാരൻ OFM Cap ആണ് വിശുദ്ധ ബലിയർപ്പണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത്. അച്ചന്റെ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ:




ഊക്കനച്ചനെ കുറിച്ച് പറയുമ്പോൾ ആദ്യമേ പറയാൻ ഓർമ്മ വരുന്നത് 'സ്നേഹിക്കുകയാണ് നിങ്ങളുടെജോലി. സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കതിരിക്കട്ടെ എന്ന അദ്ദേഹത്തിന്റെ ആഹ്വാനമാണ്.' സമാനമായ വചനങ്ങൾ പൗലോസ് അപ്പസ്തോലനും പറയുന്നുണ്ട്. വേദപുസ്തകം മുഴുവൻ നിറഞ്ഞു നിൽക്കുന്ന യാഥാർത്ഥ്യം തന്നെയാണത്. സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചവർക്കു മാത്രമേ ഇങ്ങനെ ഉപദേശിക്കുവാനും സാധിക്കൂ.

സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതിനെ കുറിച്ച് വി.അമ്മ ത്രേസ്യ ഇങ്ങനെ പറയുന്നു: സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുമ്പോൾ ഒരാത്മാവ് പ്രാപിക്കുന്ന അവസ്ഥയെന്താണ്? 'ആത്മവിസ്മൃതി'. അവിടെ ഞാൻ എന്ന ചിന്ത വരുന്നില്ല. ദൈവജനത്തെക്കുറിച്ച്, ദൈവരാജ്യത്തെ കുറിച്ച് ഈ ചിന്ത മാത്രമേയുള്ളൂ. യേശുവിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടണം മറ്റുള്ളവരുടെ സന്തോഷം നിങ്ങളുടെ സന്തോഷമായി തീരും, മറ്റുള്ളവരുടെ നൻമ നിങ്ങളുടെ നൻമയായിട്ട് തീരും. പാപപ്രകൃതിയുടെ മേൽജയം പ്രാപിക്കുന്നവരാണ് സ്നേഹത്തിന്റെ പൂർണ്ണത പ്രാപിക്കാനായി നിയോഗിക്കപ്പെട്ടവർ. ഈ സ്നേഹപൂർണ്ണത സ്വന്തമാക്കുവനായി പ്രായശ്ചിത്തവും തപശ്ചര്യകളും ചെയ്യുകയും ഏവരുടേയും പിതാവായി മാറുകയും ചെയ്ത ധന്യ ജീവിതത്തിനുടമയാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ഈ ആത്മീയനിറവ് നമുക്കും സ്വന്തമാക്കാം. വി. ബലിയർപ്പണത്തിനു ശേഷം ആരാധനയായിരുന്നു. അതിനെ തുടർന്ന് നേർച്ച ഭക്ഷണവും ഉണ്ടായിരുന്നു. മുണ്ടത്തിക്കോട് ഇടവകാംഗങ്ങളുടെ സാന്നിധ്യവും രണ്ടാം ശനിയാചരണത്തിന്റെ ശോഭ കൂട്ടുകയുണ്ടായി

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

പള്ളിവെഞ്ചിരിപ്പ് എന്ന ശീർഷകത്തിൽ ദേവാലയത്തിന്റെ പരിശുദ്ധിയെപ്പറ്റിയും പ്രാധാന്യത്തെപ്പറ്റിയും അന്തോണിയച്ചൻ വ്യക്തമാക്കുന്നു. ഭൂമിയും അതിന്റെ പൂർണ്ണതയും നിന്റേതാകുന്നുവെന്ന് പ്രവാചകൻ പറയുന്നെങ്കിലും മനുഷ്യൻ പരിമിതനായ സൃഷ്ടിയാകയാൽ സ്വർഗ്ഗത്തിനു തന്നെ ഉൾക്കൊള്ളാൻ സാധിക്കാത്ത ദൈവത്തെ കാണുന്നതിന് ഒരു പരിചിത സ്ഥലം ആവശ്യമാണ്. ഇങ്ങനെയുള്ള സ്ഥലത്ത് ദൈവം തന്റെ പ്രത്യേക സാന്നിദ്ധ്യം നല്കുന്നുവെന്ന് അച്ചൻ കുറിക്കുന്നു. ഇങ്ങനെയൊരു സ്ഥലം ഉണ്ടാകണമെന്ന് ദൈവം പഴയ നിയമത്തിൽ ആജ്ഞാപിക്കുക മാത്രമല്ല അതിന്റെ ആകൃതിയും മറ്റു കാര്യങ്ങളും കൂടി നിർണ്ണയിക്കുകയും ചെയ്തു.



സാവൂൾ ഇസ്രായേലിന്റെ ആദ്യരാജാവായി ദൈവത്താൽ അഭിഷിക്തനായി. സാവൂളിൽ നിന്നും അവന്റെ സന്താനത്തിൽ നിന്നും രാജത്വം എടുക്കപ്പെട്ട് ദാവീദിലും അവന്റെ മകനായ ശ്ലേമോനിലും സ്ഥാപിക്കപ്പെട്ടു. മിശിഹാ തന്നെ ആ വംശാവലിയിൽനിന്ന് വന്നു. ഇതിനെല്ലാം കാരണം ദാവീദ് ദേവാലയം പണിയാൻ ആഗ്രഹിച്ചു; സാവൂൾ അതിന് ആഗ്രഹിച്ചില്ല എന്നതു തന്നെയാണ്.

അന്നത്തെ ആലയവും ഇന്നത്തെ ദേവാലയവും തമ്മിലുള്ള വ്യത്യാസം അച്ചൻ എടുത്തു പറയുന്നു. ദൈവസാന്നിധ്യത്തിന്റെ അടയാളമായി വാഗ്ദത്തപെട്ടകത്തിന്റെ ഒരു ചലനമോ ബലിവസ്തുക്കളിലുള്ള അഗ്നിയുടെ സാന്നിധ്യമോ ആണ് (പഴയ നിയമത്തിൽ) കണ്ടിരുന്നത്. എന്നാൽ ഇന്ന് നിത്യപിതാവിന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവിനെയാണ് നാം ദേവാലയത്തിൽ കാണുന്നത്. അവിടുന്ന് ഇവിടെ ബലി ചെയ്യപ്പെടുന്നു. ദേവാലയത്തിന്റെ പരിശുദ്ധിക്കിണങ്ങാത്ത രീതിയിലുള്ള ക്രയവിക്രയങ്ങൾ കണ്ട് കർത്താവ് കോപിച്ചു. അവിടുന്ന് ഒരിക്കലും കോപിക്കാത്ത ശാന്തശീലൻ ആയിരുന്നു എന്ന് ഓർക്കുക. സങ്കീർത്തനം 122,1 അച്ചൻ ഉദ്ധരിക്കുന്നു. "കർത്താവിന്റെ ആലയത്തിലേക്ക് നമുക്കു പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു". ദേവാലയത്തിന്റെ പ്രാധാന്യത്തെ ധ്യാനിച്ചുകൊണ്ട് അച്ചൻ പറയുന്നു. ദേവാലയം നല്ല സ്ഥിതിയിലായിരുന്നാൽ നമ്മുടെ ഭവനങ്ങളും നഗരവും മറ്റു സ്ഥാപനങ്ങളും എല്ലാം ശുഭമായിരിക്കും. ദേവാലയത്തിന്റെ പരിശുദ്ധിക്കൊത്ത് ജീവിക്കാനുള്ള അച്ചന്റെ ആഹ്വാനം നമുക്കു ശിരസ്സാവഹിക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




**ജന്മദിനങ്ങൾ**

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് ഊക്കൻ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. അനു ചാലിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

# FEAST DAY



## നാമഹേതുകതിരുനാൾ

ഫാ. ജോവി കുണ്ടുകുളങ്ങര 14

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലകം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് ജൂനിയർ | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി ജൂനിയർ | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളങ്കുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചെറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളങ്കുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചേരി പോൾ | 12.02.2011 |
| ഫാ. മഞ്ഞളി ജോർജ്ജ് | 07.02.2014 |
| ഫാ. ചെറയത്ത് ആന്റണി | 19.02.2015 |
| ഫാ. പുളിക്കൻ ജോസഫ് | 15.02.2021 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 25.02.2021 |



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ഡിസംബർ 2021

**1. എം.എം.ബി.**

പീച്ചിയിൽ മലബാർ മിഷനറി ബ്രദേഴ്സിന്റെസെന്റ് തോമസ് പ്രോവിൻസ് ആരംഭിച്ച അൽവേർണിയ റിഹാബിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു. സമൂഹത്തിന്റെമുഖ്യധാരയിലേക്ക് കടന്നുവരാൻ കഴിയാത്തവരെ ഒപ്പം കൂട്ടാനുള്ള കരുതലാണ് സമൂഹത്തിന് വേണ്ടതെന്ന് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. നിയമങ്ങൾ നിസ്സഹായരെ തെരുവിലേക്കിറങ്ങാൻ നിർബന്ധിതമാക്കുന്നതാകരുതെന്നും, പകരം അവരെ കൈപിടിച്ചുയർത്തി സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കുന്നതാകണമെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിന്റെ പുറംപോക്കിലേക്ക് തള്ളപ്പെടുന്നവർക്ക് താങ്ങും തണലുമേകാൻ എന്നും എം.എം.ബി. സമൂഹം മുൻപന്തിയിലാണെന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഇന്ന് ശാരീരികമായി ഭിന്നശേഷിയുള്ളവർക്കായി ഉദ്ഘാടനം ചെയ്യപ്പെടുന്ന ഈ ഭവനമെന്ന് ബിഷപ്പ് വ്യക്തമാക്കി. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് ആലംബമാകാൻ എന്നും എം.എം.ബി. സമൂഹം പരിശ്രമിച്ചിട്ടുണ്ടെന്നും അത് തുടരുകയും ചെ

യ്യുമെന്നും എം.എം.ബി. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ പ്രസ്താവിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പീച്ചി ലൂർദ്ദ്മാതാ പള്ളിവികാരി ഫാ. ഫ്രാൻസിസ് തരകൻ അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന ഓർഫനേജ് കൺട്രോൾബോർഡ് മെമ്പർ ഫാ. ലിജോചിറ്റിലപ്പിള്ളി റിഹാബിലിറ്റേഷൻ സെന്ററിന്റെ അംഗീകാരപത്രം കൈമാറി. പാണഞ്ചേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സാവിത്രി സദാനന്ദൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ. വി. അനിത, ഹെൽത്ത് ഇൻസ്പെക്ടർ റെജി വി. മാത്യു തുടങ്ങിയവർ സംസാരിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ്ചുങ്കത്ത് സ്വാഗതവും, മാനേജർ ബ്രദർ ജോൺസൺ കണിമംഗലത്തുകാരൻ നന്ദിയും പറഞ്ഞു.

**2. സി.എം.സി.**

ആലുവ ജനറലേറ്റിൽനിന്ന് Central Renewal Team നടത്തിയ 6 ദിവസത്തെ കാരിസം ധ്യാനത്തിൽ online വഴി രണ്ടാം വർഷ നോവിസസ് പങ്കെടുത്തു. 'വി. യൗസേപ്പിതാവിന്റെ വർഷം' സമാപനത്തോടനുബന്ധിച്ച് എല്ലാ ഭവനങ്ങളിലും ത്രിദിനപ്രാർഥന നടത്തി. സമാപന ദിനത്തിൽ ഒന്നാം വർഷ നോവിസസ് online ആയി സിമ്പോസിയം മനോഹരമായി അവതരിപ്പിച്ചു. അതിൽ എല്ലാ ഭവനങ്ങളും പങ്കുചേർന്നു. റവ. ഫാ. ജിൽറ്റോ സി.എം.ഐ യുടെ നേതൃത്വത്തിൽ സുപ്പീരിയേഴ്സിനായി 4 ദിവസത്തെ റിന്യൂവൽ കോഴ്സ് നടത്തി. അതിൽ 'നീയും പോയി അതുപോലെ ചെയ്യുക' എന്ന സിനാക്സിസ് വിഷയം വളരെ പ്രാക്ടിക്കൽ ആയി, ഹൃദ്യമായ രീതിയിൽ മനസിലാക്കിത്തന്നു. 17 മുതൽ 19 വരെ നടത്തിയ ജൂനിയേഴ്സ് കോഴ്സിൽ 28 സിസ്റ്റേഴ്സ് സംബന്ധിച്ചു. ഫാ. ബാസ്ററിൻ പുന്നോലിപറമ്പിൽ, ഫാ. ജോസ് ആലപ്പാട്ട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ആലുവ ജനറലേറ്റിൽ 65 days retreat ൽ പങ്കുകൊള്ളുന്ന സിസ്റ്റേഴ്സിനായി Faith Formation Councillor Sr. Rani George എവുപ്രാസ്യമ്മയെക്കുറിച്ച് ക്ളാസ് നൽകി.

**3. എഫ്.സി.സി.**

അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഡിസംബർ 5–ാം തീയതി ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. തിരൂർ സീയോൺ റിന്യുവൽ സെന്ററിൽ വെച്ച് ഡിസംബർ 5–ാം തീയതി ആരംഭിച്ച ഒരുക്കധ്യാനത്തിൽ നൊവിഷ്യേറ്റിലേക്ക് പ്രവേശിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന അർത്ഥിനികളും പട്ടിക്കാട് ആത്മജ്യോതി റിട്രീറ്റ് സെന്റ്റിൽ വെച്ച് ബഹു. ഫാ. ടോമി പുളിന്താനം നയിച്ച ഒരുക്കധ്യാനത്തിൽ പോസ്റ്റുലൻസിയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങി

ക്കൊണ്ടിരിക്കുന്ന അർത്ഥിനികളും സംബന്ധിച്ചു. ഡിസംബർ 11–ാം തീയതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും പരിഹാരദിനം ആചരിച്ചു. സഭാസ്ഥാപനദിനമായ ഡിസംബർ 14–ാം തീയതി Phase II – ലെ 10 അർത്ഥിനികൾ പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ് കോൺവെൻറിൽ വെച്ചും, കെനിയ മിഷനിലെ Phase II – ലെ 1 അർത്ഥിനി റുവായ് സെന്റ് അൽഫോൺസ ഫോർമേഷൻ ഹൗസിൽ വെച്ചും പോസ്റ്റുലൻസിയിലേയ്ക്ക് പ്രവേശിച്ചു. അന്നു തന്നെ 6 പോസ്റ്റുലന്റ്സ് വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റിൽ വച്ച് കാനോനിക നൊവിഷ്യേറ്റിലേയ്ക്കും പ്രവേശിച്ചു. സി. രേഖ റോസ് നോവീസ് മിസ്ട്രസ്സായും സി. അലീന ലിസ്ബത്ത് പോസ്റ്റുലൻസ് മിസ്ട്രസസ്സായും ചാർജ്ജെടുത്തു. ഡിസംബർ 15–ാം തീയതി രണ്ടാം വർഷ നോവിസസ്സ് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിലേക്ക് റീജിയൻസിക്കായി പോയി. 29, 30 തീയതികളിലായി വൈലത്തൂർ സേക്രഡ് ഹാർട്ട് എൽ പി. സ്കൂളിന്റെയും, പെരിഞ്ചേരി ലിറ്റിൽഫ്ളവർ എൽ.പി. സ്കൂളിന്റെയും ശതാബ്ദിയാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി പൊവിൻഷ്യൽ കൗൺസിലേഴ്സ് എന്നിവർ സംബന്ധിച്ചു.

**4. സി.എച്ച്.എഫ്**

പിതൃഹൃദയം, രക്ഷകന്റെ പാലകൻ എന്നീ അപ്പസ്തോല ഉദ്ബോധനങ്ങളെ അടിസ്ഥാനമാക്കി നവജ്യോതി പ്രോവിൻസിൽ ഡിസംബർ 06 ന് നടത്തിയ സെന്റ് ജോസഫ് ക്വിസ് പ്രോഗ്രാമിൽ സിസ്റ്റഴ്സ് പങ്കെടുത്തു. വിജയികൾക്കായി 12–ാം തിയ്യതി പ്രൊവിൻഷ്യലേറ്റിൽ വച്ച് നടത്തിയ ക്വിസിൽ ഒമ്പത് ടീമുകൾ പങ്കെടുക്കുകയും ചെയ്തു. ഡിസംബർ 10,11 തിയ്യതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ്സിനായി ജൂനിയേഴ്സ് കോഴ്സ് നടത്തപ്പെട്ടു. നവജ്യോതി പ്രോവിൻസിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സിനായി 13/12/2021 ന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ അർദ്ധദിന സെമിനാറും ജാഗരണ പ്രാർത്ഥനയും നടത്തി. 27 സിസ്റ്റേഴ്സ് പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ റവ. ഫാ. ജോയ് ചിറ്റിലപ്പിള്ളി ക്ലാസ്സ് നയിക്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജെസിൻ തെരേസും കൗൺസിലേഴ്സും സിസ്റ്റേഴ്സിനോട് സംസാരിക്കുകയും ചെയ്തു. നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലറും നവജ്യോതി ബി.എഡ് കോളേജ് പ്രിൻസിപ്പാളുമായ റവ.സി.ഡോ.ആൻ കരോളിൻ, Council for Teacher Education Foundation (CTEF) ന്റെ “The best Administration and Management of the Year 2021 അവാർഡിന്അർഹയായി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 30/12/2021 ന് 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി

വൊക്കേഷൻ ക്യാമ്പ് നടത്തി. ജനുവരി 06 ന് ആചരിക്കാനിരിക്കുന്ന പ്രോവിൻസ് ഡേയോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിലെ ഭവന സമൂഹങ്ങളിൽ 3,4,5 തിയ്യതികളിലായി സമ്പൂർണ്ണ അഖണ്ഡ ബൈബിൾ പാരായണം നടത്തി. അതിനൊരുക്കമായി രണ്ടാം തിയ്യതി രാത്രി 7 മുതൽ 8 വരെ റവ. ഫാ. സിജോ തയ്യാലക്കലിന്റെ നേതൃത്വത്തിൽ ഗൂഗിൾ പ്ലാറ്റ് ഫോമിൽ ക്ലാസ്സ് നടത്തി. സിസ്റ്റേഴ്സ് ക്ലാസ്സിൽ പങ്കുകൊണ്ടു. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജെസിൻ തെരേസ് 4/1/2022ന് കാക്കനാട് സെന്റ് തോമസ് മൗണ്ടണ്ടിൽ നടന്ന SMRC യുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ജനുവരി 6 ന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്രോവിൻസ് ഡേയോടനുബന്ധിച്ച് രാവിലെ 9.30 ന് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. തുടർന്ന് 11 മണിക്ക് തൃശ്ശൂർ അതിരൂപതയിലെ നവാഭിഷിക്തരായ വൈദീകർ ഒന്നു ചേർന്ന് വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്നിലും കൂട്ടായ്മയിലും വൈദീകരും വിവിധ കോൺഗ്രിഗേഷനുകളിലെ സിസ്റ്റേഴ്സും പങ്കെടുത്തു.

**5. സി.എസ്.എം**

ഡിസംബർ 8–ാം തീയതി മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ പ്രതിനിധിയായ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സി.എസ്.എം കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറലായി ബഹു.സി. ബിയാട്രീസിനെ തെരഞ്ഞെടുത്തു. സി. ദീപ്തി ടോം അസി. സുപ്പീരിയർ ജനറലായും സി. മെറ്റിൽഡ, സി. മരിയ മാത്യു, സി. ഡെല്ല മരിയ എന്നിവർ ജനറൽ കൗൺസിലേഴ്സായും സി. മെർലിറ്റ് ഓഡിറ്റർ ജനറലായും സി.ആൻഗ്രെയ്സ് സെക്രട്ടറി ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. ബഹു. ഡോ. സിറിയക് കണിച്ചായി സി.എം.എ സിനാക്സിസിന്റെ മോഡറേറ്റർ ആയിരുന്നു. ഡിസംബർ 8–ാം തീയതി സിനാക്സിസിന്റെ വിജയത്തിനായി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.ഡിസംബർ 16 മുതൽ 21 വരെ നടന്ന പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിസിൽ ബഹു. സി. ജിയോ മരിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. സി. ഉഷസ്സ് അസി. പ്രൊവിൻഷ്യൽ സുപ്പീരിയറായും സി. നിഷ റോസ്, സി. റോസിൻ ജോസ്, സി. മോളി ജോൺ എന്നിവർ പ്രൊവിൻഷ്യൽ കൗൺസിലേഴ്സായും സി. ഡെൽന റോസ് പ്രൊവിൻഷ്യൽ ഓഡിറ്ററായും സി. മരിയററ ജോസ് പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

## ആദരാഞ്ജലികൾ



**06/12/2021 സി.എം.സി.** ചൂണ്ടൽ മരീനാഹോം ഭവനാംഗമായ സി. പുൾക്കേരിയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**19/12/2021 സി.എച്ച്.എഫ്.** നവജ്യോതി പ്രോവിൻസിലെ ഒളരിക്കര ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി. നത്താലിയ (84) നിര്യാതയായി. സംസ്ക്കാരശുശ്രൂഷ 20/12/2021 ന് മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.



19/12/2021 സി.എസ്.എം. ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസ് അംഗമായ ബഹു. സി. ഒലിവ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സംസ്ക്കാരശുശ്രൂഷ പാലക്കാട് രൂപത സഹായ മെത്രാൻ അഭിവന്ദ്യ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൊളങ്ങാട്ടുകര മരിയഭവനിൽ നടത്തി.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട കുട്ടികളേ,

നിങ്ങൾക്കെല്ലാവർക്കും സുഖം തന്നെയല്ലേ? നമ്മുടെ അതിരൂപതയിലെ ഭൂരിഭാഗം ഇടവകകളിലും ജനുവരി–ഫെബ്രുവരി മാസങ്ങളിൽ ഇടവക മദ്ധ്യസ്ഥരുടെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ ആഘോഷിക്കുകയാണ്. ഈ തിരുനാൾ ആഘോഷങ്ങൾ വിശുദ്ധരെപ്പോലെ വിശുദ്ധിയിലേക്ക് വളരുവാൻ നമ്മെ ക്ഷണിക്കുന്നുണ്ട്. വിശുദ്ധരായി തീരുവാനുള്ള നമ്മുടെ ആഗ്രഹത്തെ വളർത്തുവാൻ നമ്മുടെ തിരുനാൾ ആഘോഷങ്ങൾ കാരണമാകുന്നുണ്ടോ എന്ന് ചിന്തിക്കുന്നതും ഉചിതമാണ്.

ഈ തിരുനാളുകൾക്ക് ശേഷം ഫെബ്രുവരി 27–ാം തിയ്യതി നമ്മൾ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ഓരോ നോമ്പുകാലവും പുതിയ തുടക്കത്തിനുള്ള അവസരമാണ്. പഴയമനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാനുള്ള അവസരം. പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ "നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപംകൊണ്ട വഞ്ചനനിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയമനുഷ്യനെ ദൂരെയെറിഞ്ഞ് യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ 4, 22–24).

ദൈവവചനം കൂടുതലായി വായിച്ചും ധ്യാനിച്ചും യേശുവിനോട് കൂടെയായിരിക്കുവാനും അവൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അത് ജീവിത്തിൽ പ്രാവർത്തികമാക്കുവാനും നമുക്ക് പരിശ്രമിക്കാം. അപ്പോഴാണ് വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ നാം പുതിയ മനുഷ്യനെ ധരിക്കുന്നവരാകുന്നത്. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദാനധർമ്മത്തിലൂടേയും എങ്ങനെയാണ് വിശുദ്ധർ ഈ ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ചെതെന്ന് മനസ്സിലാക്കുവാനും ആ വഴികളിലൂടെ നടന്ന് കൂടുതൽ വിശുദ്ധീകരിക്കപ്പെടുവാനും നമുക്ക് ആഗ്രഹിക്കാം. നോമ്പുകാലത്ത് സാധിക്കുന്നതും എല്ലാ

ദിവസവും കുർബ്ബാനയിൽ പങ്കെടുക്കുവാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ? വിശുദ്ധിയിൽ വളർന്ന് വിശുദ്ധരായി തീരുവാൻ ഈ നോമ്പുകാലം കാരണമാകട്ടെ.

ഈ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽ നാം എത്തി നിൽക്കുകയാണല്ലോ? വിദ്യാർത്ഥികളെന്ന നിലയിൽ ഒരു വർഷത്തെ അദ്ധ്വാനത്തിന്റെ ഫലം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത് വരുന്ന വർഷിക പരീക്ഷകൾക്കായി നന്നായി ഒരുങ്ങി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുമ്പോഴാണ്. വിദ്യാർത്ഥികൾ എല്ലാവർക്കും പ്രത്യേകിച്ച് 10, 12 ക്ലാസുകളിൽ പഠിക്കുന്നവർക്ക് ഈ പരീക്ഷകൾ വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങളുടെ ഭാവിനിർണ്ണയിക്കുന്നതിൽ വളരെ പങ്കു വഹിക്കുന്ന ഈ പരീക്ഷകൾക്കായി ഒരുങ്ങുമ്പോൾ നിങ്ങളുടെ ആദ്ധ്വാനത്തിന്റെയൊപ്പം ദൈവത്തിന്റെ സഹായം തേടുന്നതിനും മറക്കരുതേ. അത് നമ്മുടെ അനാവശ്യമായ ഉത്കണ്ഠകൾ അകറ്റുന്നതിനും വലിയ പ്രത്യാശയോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും നമ്മെ സഹായിക്കും. 10, 12 ക്ലാസ്സുകാരെ സംബന്ധിച്ച് നിങ്ങളുടെ ജീവിതാന്തസ്സ് ഏതെന്ന് നിശ്ചയിക്കാനുള്ള കാലഘട്ടം കൂടിയാണിത്. വിവിധ ജീവിതാന്തസ്സുകളെ കുറിച്ച് അടുത്ത മാസത്തെ കത്തിൽ കൂടുതൽ വിശദമായി പറയാം എന്ന് കരുതുന്നു. എങ്കിലും സന്യാസ–വൈദികജീവിതത്തിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ ആഗ്രഹം ഇടവ കവികാരിമാരെയോ അതുമായി ബന്ധപ്പെട്ടവരെയോ അറിയിക്കുമല്ലോ. നല്ല ദൈവവിളികൾക്കായി നമുക്ക് പ്രാർത്ഥിക്കാം. ഒപ്പം നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ വിളി തിരിച്ചറിയുവാൻ നിങ്ങൾ നന്നായി പ്രാർത്ഥിക്കണം.

നാം ആഘോഷിക്കുന്ന തിരുനാളുകളും, അനുഷ്ഠിക്കാൻ പോകുന്ന വലിയ നോമ്പും, പരീക്ഷകൾക്കായുള്ള നമ്മുടെ ഒരുക്കങ്ങളും, ദൈവവിളി തിരിച്ചറിയുവാനുള്ള പരിശ്രമങ്ങളും എല്ലാം തന്നെ നമ്മെ വിശുദ്ധിയിലേക്ക് നയിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധി ക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറിയാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസപരിശീലന പരീക്ഷകൾ ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**1. പ്രിൻസിപ്പൽമാരുടെ യോഗം**

| | |
|---|---|
| തിയതി : | 2022 ഫെബ്രുവരി 6 |
| ദിവസം : | ഞായർ |
| സമയം : | 02.30 PM |
| സ്ഥലം : | വിശ്വാസപരിശീലനകേന്ദ്രം, DBCLC |

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**2. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു.

2022 ഫെബ്രുവരി 13, 2PM-5PM : **ACC**

2PM-4PM: **Stds. X, XII**

2022 ഫെബ്രുവരി 20, 2PM-4PM: **Stds. I, III, V, VII, IX & XI**

2022 ഫെബ്രുവരി 27, 2PM-4PM : **Stds. II, IV, VI, VIII**

**3. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി –ജനുവരി 26. ജനുവരി 26 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

**4. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത** (Eligibility)

അർദ്ധവാർഷിക പരീക്ഷ അറ്റൻഡ് ചെയ്തതും 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള

യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളൂ. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

## 5. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച്

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ.
6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**6. Std. XII Re-Examination, Improvement Registration നെ സംബന്ധിച്ച വിവരങ്ങൾ**

12–ാം ക്ലാസ്സിലെ വാർഷികപരീക്ഷയിൽ തോൽക്കുകയോ, ആബ്സന്റാവുകയോ, ചെയ്തവർക്ക് Re-examination എഴുതാവുന്നതാണ്. ACCക്ക് ചേരാനുള്ള 40 മാർക്ക് ഇല്ലാത്തവർക്ക് Improvement examination എഴുതാവുന്നതാണ്. ഈ പരീക്ഷകൾ എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ചെയ്യേണ്ട വിധം താഴെ കൊടുക്കുന്നു.

1. വിദ്യാർത്ഥി സോഫ്റ്റ് വെയറിൽ Inactive Mode ൽ ആയിരിക്കണം.
2. Software - Public Examination - Previous ReExam Registration- Re-exmination എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
3. Software - Public Examination - Previous Improvement Registration- Improvement എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
4. ജനുവരി 31 –ാം തിയതി മുതൽ ഫെബ്രുവരി 5–ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയെങ്കിൽ മാത്രമെ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയും വാർഷികപരീക്ഷ എഴുതുവാനും സാധിക്കുകയുള്ളൂ.

**7. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു. സമയം (09.30 am – 04.30 pm)

Std. XII : 2022 മാർച്ച് 5, 6 ശനി, ഞായർ

ACC : 2022 മാർച്ച് 5, 6, 12, 13 (ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research -ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

**8. ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ

ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ പരീക്ഷകൾക്കുശേഷം നൽകുന്നതാണ്. വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്

**9. Internal Assessment Mark Entry**

പരീക്ഷാ തിയതിയിലെ അറ്റൻഡൻസ് വരെ എന്റർ ചെയ്തതിനു ശേഷം മാത്രമെ ഇന്റേണൽ മാർക്ക് എൻട്രി നടത്താവൂ.

**XII & ACC - Last Date: March 7**
**Std. I to XI - Last Date: March 14**

**10. സ്കൂൾ കാറ്റകിസം, മോറൽ സയൻസ്**
**സ്കോളർഷിപ്പ് പരീക്ഷ: 05/02/2022, ശനി**
സമയം : 10 AM to 12 PM
സ്ഥലം : **ഡി ബി സി എൽ സി**

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**

(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.
- ആദ്യസെമസ്റ്റർ പരീക്ഷകൾ നവംബർ, ഡിസംബർ മാസങ്ങളിലായി നടന്നു. രണ്ടാമത്തെ സെമസ്റ്റർ ക്ലാസുകൾ ഡിസംബർ 19 ന് ആരംഭിച്ചു. Mariology (Rev. Dr. Saijo Thaikkattil), Fundamental Moral Theology and Commandments (Rev. Dr. Saji Kanayankal) എന്നീ ക്ലാസ്സുകൾ നടക്കുന്നു.

**2. Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 74 പേരാണ് പങ്കെടുക്കുന്നത്. ആദ്ധ്യാത്മിക ദൈവശാസ്ത്രം (Rev. Fr. Dijo Olakkengil), ഇതരമതങ്ങളോടുള്ള കത്തോലിക്കാ സഭയുടെ കാഴ്ചപ്പാട് (Rev. Dr. Nysson Alanthanath), ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Fr. Jerin Arimboor) എന്നീ ക്ലാസ്സുകൾ ജനുവരി മാസത്തിൽ നടന്നു.

**3. Advanced Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ 6 മാസം നീണ്ടുനിന്ന Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ പൂർത്തിയായി. അവർക്കുള്ള Certificate കൾ ജനുവരി 26 ന് നൽകും.

## 4. Catechumenate Course

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

## 5. Basic CTC

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരീശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരീശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം..

ഡിസംബർ 12, 19 ഞായറാഴ്ചകളിൽ കഴിഞ്ഞ വർഷം രജിസ്ററർ ചെയ്തവർക്കുള്ള Basic CTC നടന്നു. ഈ കോഴ്സിൽ 93 പേർ പങ്കെടുത്തു. ഈ കോഴ്സിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യാപകർക്കുള്ള സന്ദേശം നൽകി. അതിരൂപതാ വികാരി ജനറാൽ Msgr. Thomas Kakkassery വി. കുർബാനയോടെ കോഴ്സിന് തുടക്കം കുറിച്ചു. Rev. Dr. Francis Aloor, Rev. Fr. Raju Akkara, Rev. Dr. Chacko Chiramel, Rev. Dr. Roy Vadakkan, Dr. Ignatius Kollannur, Dr. Tony Joseph, Mr. George V. K. എന്നിവർ ക്ലാസ്സുകൾ എടുത്തു.

## 6. Advanced CTC

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**7. Course on Theology of Family**

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി
- കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്
- 2022 ജനുവരി മുതൽ 2023 മെയ് വരെയാണ് കോഴ്സ്. മാസത്തിൽ ഒരു ഞായറാഴ്ചയാണ് ക്ലാസ്സുകൾ. (2 pm 5 pm)
- ജനുവരി 23 -ാം തിയതി ആരംഭിച്ചു.
- 45 ദമ്പതികളാണ് ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. ക്രിസ്തുമസ് ആഘോഷങ്ങൾ**

അവധി ആരംഭിക്കുന്നതിന്റെ തലേനാളായ ഡിസംബർ 20-ാം തിയ്യതി സെമിനാരി കുടുംബം ക്രിസ്തുമസ് ആഘോഷങ്ങൾക്കായി ഒത്തുചേർന്നു. ക്രിസ്തുമസിനോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾക്ക് ബഹു. ഫാ. വിൻസെന്റ് ആലപ്പാട്ട് കാർമ്മികത്വം വഹിച്ചു. ബ്രദർ ജോൺ പുത്തൂർ ക്രിസ്തുമസ് സന്ദേശം നൽകി. രണ്ടാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ നിർമ്മിച്ച മനോഹരമായ പുൽക്കൂടും വിവിധ ബാച്ചുകൾ ഒരുക്കിയ ക്രിസ്തുമസ് പരിപാടികളും ആഘോഷങ്ങൾ അർത്ഥപൂർണ്ണമാക്കി.

**2. ദനഹാ തിരുനാൾ**

ക്രിസ്തുമസ് അവധി ജനുവരി 5-ാം തിയ്യതി അവസാനിച്ചു. അന്നു വൈകീട്ട് സെമിനാരികുടുംബം ദനഹാ തിരുനാളിനോടനുബന്ധിച്ചുള്ള പിണ്ടിതെളിയിക്കൽ കർമ്മം നടത്തി. ബഹു. സിന്റോ പൊറത്തൂരച്ചൻ പ്രാർത്ഥനാശുശ്രൂഷ നയിച്ച് സന്ദേശം നൽകി. ദനഹാ തിരുനാൾ വിശുദ്ധ കുർബാനയ്ക്ക് ബഹു. പോൾ പുളിക്കനച്ചൻ കാർമ്മികത്വം വഹിച്ചു.

**3. നവവൈദികർക്ക് സ്വീകരണം**

മേരിമാതാ മേജർ സെമിനാരിയിൽ നിന്നും ഈ വർഷം പരിശീലനം പൂർത്തിയാക്കി കർത്താവിന്റെ ശുശ്രൂഷാ പൗരോ

ഹിത്യത്തിലേക്ക് ഉയർത്തപ്പെട്ട നവവൈദികർക്ക് ജനുവരി 8, 9, തിയ്യതികളിലായി സ്വീകരണം നൽകി. നവവൈദികരുടെ കാർമ്മികത്വത്തിൽ സെമിനാരി കുടുംബം ഒന്നുച്ചേർന്നർപ്പിച്ച ദിവ്യബലി അനുഭവദായകമായിരുന്നു. മേരിമാതാ സെമിനാരിയിൽ തത്വശാസ്ത്രം പഠിച്ച് മറ്റു സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികർ ജനുവരി 17–ാം തിയ്യതി സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാ ദിവ്യബലി അർപ്പിച്ചു.

**4. മാസധ്യാനം**

2022 ലെ ആദ്യ മാസധ്യാനം ജനുവരി 14, 15 എന്നീ തിയ്യതികളിലായിരുന്നു. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതം വൈദികവിദ്യാർത്ഥികളെല്ലാവരും പ്രാർത്ഥനാപൂർവ്വം സ്വയം വിലയിരുത്തി തങ്ങളുടെ ദൈവവിളി ജീവിതത്തെ ക്രമപ്പെടുത്തുവാൻ ഈ ധ്യാനാവസരം പ്രയോജനപ്പെടുത്തി.

**5. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. അസ്സീസി ജോൺ മുട്ടത്ത് ചാരിറ്റബിൾ ട്രസ്റ്റ്, പാലയൂർ, തൃശൂർ (റവ. ഫാ. തോമസ് വടക്കേത്തലയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണക്ക്).
2. അസ്സീസി ജോൺ മുട്ടത്ത് ചാരിറ്റബിൾ ട്രസ്റ്റ്, പാലയൂർ, തൃശൂർ (റവ. ഫാ. സൈജൻ വാഴപ്പിള്ളിയുടെ പൗരോഹിത്യ രജത ജൂബിലി സ്മരണക്ക്).

ഉദാരതയോടെ ഞങ്ങളെ കരുതുന്ന എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ജൂബിലി പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഹിമാചൽ പ്രദേശ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എൻ. വേണുഗോപാൽ ഐ.പി.എസ്. മുഖ്യാതിഥിയായിരുന്നു. പോലീസ് ഇൻസ്പെക്ടർ ജനറൽ പി. വിജയൻ ഐ.പി.എസ്. മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ ആശുപത്രിയിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരെയും, ഇരുപത്തഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെയും ആദരിച്ചു.

**2. ജൂബിലിയിൽ 70–ന്റെ നിറവിൽ ക്രിസ്തുമസ് ആഘോഷവും, ജീവകാരുണ്യപ്രവർത്തനവും**

ജൂബിലി മിഷൻ ആശുപത്രിയുടെ 70–ാം വർഷത്തോടനുബന്ധിച്ച് വിപുലമായ രീതിയിൽ ക്രിസ്തുമസ് ആഘേഷം നടത്തി. ഗ്രാന്റ് ക്രിബ്ബ് ഓപണിംഗ് സെറിമണി എന്ന പരിപാടിയിൽ വിശിഷ്ഠാതിഥി ആയി ശ്രീ. ഇ. കെ. ഭരത് ഭൂഷൺ ഐ.എ.എസ്. (മുൻ കേരള ചീഫ് സെക്രട്ടറി) പങ്കെടുത്തു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലിയുടെ 70–ാം വർഷം അനുബന്ധിച്ചുകൊണ്ട് 70 പേർക്ക് സൗജന്യ ഡയാലിസിസ്, 70 പേർ പങ്കെടുക്കുന്ന ക്രിസ്തുമസ് കരോൾ ഗാനം, 70 നക്ഷത്രങ്ങളും ബലൂണും, 70 കിലോ കേക്ക് മുറിക്കുന്ന ചടങ്ങ് എന്നിവ നടന്നു. കാത്തലിക് നഴ്സസ് ഗിൽഡ് ജൂബിലി യൂണിറ്റ് ഫ്യൂഷൻ ഡാൻസ് അവതരിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട ശിശുരോഗിക്ക് ധനസഹായം നൽകി. ആശുപത്രിയുടെ ഏഴാം ഗെയ്റ്റിന് സമീപമാണ് പരിപാടികൾ നടന്നത്. രമേഷ് സുമേഷ് എന്ന ചലച്ചിത്രത്തിന്റെ സംവിധായകരും, അഭിനേതാക്കളും, അണിയറപ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

**3. അഭിനന്ദനങ്ങൾ... ആശംസകൾ...**

- ലോകമെമ്പാടുമുള്ള സ്ട്രോക്ക് പ്രീ ഹോസ്പിറ്റൽ കെയർ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷൻ (WSO) സ്ഥാപിച്ച WSO ടാസ്ക്ഫോഴ്സ് ഫോർ പ്രീ ഹോസ്പിറ്റൽ കെയറിൽ (WSOTPC) ഇന്ത്യയിൽ നിന്നുള്ള

അംഗമായി എമർജൻസി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിജു വി. അബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു.

- നവജാതശിശുക്കളുടെ ആരോഗ്യത്തിനും പരിചരണത്തിനും വേണ്ടി തുടർച്ചയായി ശ്രദ്ധേയമായ സംഭാവനകൾ നൽകിയതിന് രാജ്യത്തെ മുതിർ നിയോനാറ്റോളജിസ്റ്റുകൾക്ക് ഇന്ത്യയിലെ നാഷണൽ നിയോനറ്റോളജി ഫോറം നൽകി വരുന്ന FNNF അവാർഡ് അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് വി. സി. കരസ്ഥമാക്കി.
- ഇന്ത്യയിലെ സ്ത്രീകളുടെ ആരോഗ്യ ഉന്നമനത്തിനായും FOGSIAN'S ന്റെ ക്ഷേമത്തിനായുമുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായ THE PRIDE OF FOGSI AWARD ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത് കുമാർ ആർ. കരസ്ഥമാക്കി.

**4. പുതിയ ഡോക്ടർമാർ**

- ഡോ. ബോബിൻ ജോൺ മാഞ്ഞൂരാൻ (ഇ.എൻ.ടി. വിഭാഗം)
- ഡോ. നിമ തെരേസ ആൻഡ്രൂ (ഡെർമ്മറ്റോളജി വിഭാഗം)
- ഡോ. നിത്യ ടി (പിഡിയാട്രിക് വിഭാഗം)

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ്, അലുമിനി അസോസിയേഷൻ
- ഫ്രാൻസിസ് പാണഞ്ചേരി, വടൂക്കര, തൃശ്ശൂർ
- മേഴ്സി ലാസർ, മുരിങ്ങാത്തേരി ഹൗസ്, കുണ്ടുക്കാട്, തൃശ്ശൂർ
- വികാരി, നിത്യസഹായ മാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ
- ഫാ. ജോയ് അടമ്പുകുളം, സിൽവർ ജൂബിലി ഫണ്ട്
- ബൈജു ജോസഫ്, ചിറമ്മൽ ഹൗസ്, മണലൂർ, തൃശ്ശൂർ

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോയ് എം. എ
- എൽജോ ആന്റണി, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ്
- ജെയിൻ ജോർജ്ജ്
- ഡോ. ജെയിൻ
- റോയ് ടി. ജി, ജൂബിലി മിഷൻ ആശുപത്രി
- വിൻസെന്റ്, കുരിയിച്ചിറ, തൃശ്ശൂർ
- ലിസ്സി ജോഷി
- അഭ്യുദയകാംക്ഷി

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെൻ്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

1. **നേട്ടം**

**എ ഗ്രേഡ് ലഭിച്ചു** : ഹരിത കേരളം മിഷൻ്റെ ഭാഗമായി, സർക്കാർ ഓഫീസുകളുടെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളെ വിലയിരുത്തി, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജിന് എ ഗ്രേഡ് ലഭിച്ചു. സർട്ടിഫിക്കറ്റും, പ്രശസ്തി പത്രവും കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. ഓഫീസ് അക്കൗണ്ടൻ്റ് ജെൻസൺ എന്നിവർ തൃശൂർ ജില്ലാ പഞ്ചായത്തിൻ്റെ പൊതു ചടങ്ങിൽ ഏറ്റുവാങ്ങി.

* ഇന്നൊവേഷൻ റാങ്കിംഗ് 2021 – ലെ എ.ആർ.ഐ.ഐ.എ റാങ്കിങ്ങിൽ കോളേജിന് ജനറൽ വിഭാഗത്തിൽ 'സർട്ടിഫിക്കറ്റ് ഓഫ് റക്കഗനൈസേഷൻ' ലഭിച്ചു. ഈ എ.ആർ.ഐ.ഐ.എ റാങ്കിങ്ങ്. ഇന്നൊവേഷൻ പ്രക്രിയയിൽ മികച്ച പ്രവർത്തനങ്ങൾക്ക് കോളേജിന് ലഭിച്ച അംഗീകാരമാണ്.
* പ്ലെയ്സ്മെൻ്റ് സെല്ലിൻ്റെ ആഭിമുഖ്യത്തിൽ, സൗത്ത് ഇന്ത്യൻ ബാങ്കിൽ – 1, ഗ്ലോബൽ ഇൻ്റർ നാഷണൽ 2, എം.ആർ.എഫ് –1 എന്നീ കമ്പനികളിൽ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
* **സ്പോർട്ട്സ്** : എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിനി അനശ്വരയെ കാലിക്കറ്റ് യൂണിവേഴ്സിറ്റി അത്‌ലറ്റിക്ക് ടീമിൻ്റെ ക്യാപ്റ്റനായി തെരഞ്ഞെടുത്തു.
* എസ്. എൻ കോളേജ് നാട്ടികയിൽ വെച്ച് നടത്തപ്പെട്ട ഇൻ്റർ കോളേജിയേറ്റ് മാത്സ് ക്വിസിൽ ശ്രീദേവി ദാസ്, ജിഷ്ണു കെ. ജെ എന്നിവർ ഒന്നാം സ്ഥാനവും, ലക്ഷ്മി മേനോൻ, ആൻസൺ കെ. എസ് എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേർന്നു.
* സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻ്റിലെ റിസർച്ച് സ്കോളർ ആയിരുന്ന സജന ഒ.കെ, പ്രൊഫസർ റ്റി.എസ്.കെ മൂതാതു യംഗ് സ്റ്റാറ്റിസ്റ്റീഷ്യൻ അവാർഡ് കരസ്ഥമാക്കി. കേരള യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച 7–ാംമത് അന്തർ ദേശീയ കോൺഫ്രൻസിൽ നിന്നാണ് ഈ ബഹുമതി നേടിയത്.

* രാജഗിരി സോഷ്യൽ സയൻസ് കോളേജിൽ സംഘടിപ്പിച്ച 'സ്പ്ലെന്റർ 2021' ആർട്ട്സ് ഫെസ്റ്റിവൽ മത്സരങ്ങളിൽ സെന്റ് തോമസ് കോളേജ് വിദ്യാർത്ഥികൾ മികവ് കാട്ടി. അഭിനന്ദനങ്ങൾ.
* ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. വിമൽകുമാർ ആകാശവാണി സമകാലികം പരിപാടിയിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകി.

**2. ലൈബ്രറി ഉത്ഘാടനം**

പുതിയ ലൈബ്രറി കെട്ടിടത്തിന്റേയും ലൈബ്രറിയുടേയും ഉത്ഘാടനം തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ, മുൻ മാനേജർ മാർ റാഫേൽ തട്ടിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി, പ്രൊക്കുറേറ്റർ ഫാ. വർഗീസ് കുത്തൂർ, പ്രിൻസിപ്പാൾ, മുൻ പ്രിൻസിപ്പാൾമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥി ക്ലാസ്സ് പ്രതിനിധികൾ, ഒ.എസ്.എ, പി.റ്റി.എ, റിട്ടയേർഡ് സ്റ്റാഫ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. നിർമ്മാണ പ്രവർത്തനവുമായി സഹകരിച്ച വ്യക്തികളെ ആദരിച്ചു.

**3. വെബിനാർ**

'കോവിഡും, മറ്റു പകർച്ച വ്യാധികളും' എന്ന വിഷയത്തിൽ ബിരുദ വിദ്യാർത്ഥികൾക്കായി വെബിനാർ സംഘടിപ്പിച്ചു. തൃശൂർ ഡി.എം.ഒ യുടെ കീഴിൽ ഡോ. കാവ്യ കരുണാകരൻ, ഡോ. ബീന മൊയ്തീൻ, ഡോ. ഉമ മഹേശ്വരി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

* '1971–ലെ യുദ്ധത്തിന്റെ ഓർമ്മകൾ' എന്ന വിഷയത്തിൽ കോളേജ് വെബിനാർ നടത്തി. റിട്ട. ഇന്ത്യൻ നേവൽ കമാൻഡർ ശ്രീ. റ്റി.കെ. സുരേഷ് ക്ലാസ്സ് നയിച്ചു.
* മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സാഹിത്യം, സംസ്ക്കാരം, ചരിത്രം എന്നീ വിഷയങ്ങളിലെ പ്രഭാഷണ പരമ്പരയിൽ 'വടക്കെ മലബാറിലെ നാട്ടെഴുത്തച്ഛന്മാരുടെ പെഡഗോഗി, സമൂഹ രൂപീകരണവും' എന്ന വിഷയത്തിൽ പയ്യന്നൂർ കോളേജ് മലയാള വിഭാഗം മേധാവി ഡോ. പ്രജിത പി. ക്ലാസ്സ് നയിച്ചു.

**4. എൻ.എസ്.എസ്**

എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ, യുദ്ധം മൂലം അനാഥമാക്കപ്പെട്ടവരുടെ സ്മരണാർത്ഥം കോളേജിൽ മൈം അവതരിപ്പിച്ചു. കോളേജിന്റെ ചേറൂർ കാമ്പസിന്റെ കാർഷിക പ്രവർത്തികൾ ഡി.ഇ.ഒ, വില്ലേജ് ഓഫീസ്, തൃശൂർ എന്നിവ വൃത്തിയാക്കി.

* എൻ.എസ്.എസ് യൂണീറ്റിന്റെ നേതൃത്വത്തിൽ 7 ദിവസത്തെ സഹവാസ ക്യാമ്പ് കുണ്ടുകാട് നിർമ്മല ഹൈസ്ക്കൂളിൽ നടത്തി. 'സാഥി

2021' പേരിട്ട ക്യാമ്പിൽ 'യുവത്വം സ്ത്രീ സുരക്ഷയ്ക്കും തുല്യ നീതിക്കുമൊപ്പം' എന്നതായിരുന്നു പഠന വിഷയം.

* ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.
* ആന്റികറപ്ഷൻ ഡെ ഒബ്സർവ് ചെയ്തു.

**5. സ്പോർട്ട്സ് വാർത്തകൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് മത്സരങ്ങളിൽ ഓവറോൾ മെൻ ആന്റ് വുമൻ മൂന്നാം സ്ഥാനം ലഭിച്ചു. വിജയികൾക്കും കായിക അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

(1) മെൻ ടെന്നിസ് ചാമ്പ്യൻഷിപ്പ് – അമൽ ജോസഫ് റ്റി.ജെ ആന്റ് ജോർജ്ജ് അജയ് (2) 100 മീറ്റർ ഓട്ടം – ഗോൾഡ് മെഡൽ – ആൽറോസ് ടോമി (3) ഹൈജമ്പ് – വെള്ളി മെഡൽ – സ്വാലിഹ (4) ജാവലിൻ ത്രോ – ഗോൾഡ് മെഡൽ – ഷാനി എം.എ (5) റിലെ 4X100 – വെങ്കല മെഡൽ – അനന്ദു, ആഷിൽ, മുഹമ്മദ് ആന്റ് റാഫീബ് (6) 1500 മീറ്റർ ഓട്ടം – വെങ്കലം മെഡൽ – ശ്രീരാഗ്, (7) 200 മീറ്റർ ഓട്ടം – ഗോൾഡ് മെഡൽ – അശ്വിൻ ബി. ശങ്കർ (8) 200 മീറ്റർ ഓട്ടം – സിൽവർ മെഡൽ – രാഗേഷ് (9) പോൾ വാൾട്ട് – സിൽവർ മെഡൽ – ഷാനി ഷാജി (10) പോൾ വാൾട്ട് – ഗോൾഡ് മെഡൽ – അനശ്വര.

**6. ജയിൽ ക്ഷേമദിനാഘോഷം**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജയിൽ വകുപ്പുമായി ചേർന്ന് ജയിൽ ക്ഷേമദിനാഘോഷം നടന്നു. ബഹുമാനപ്പെട്ട തൃശൂർ എം.എൽ.എ ശ്രീ. പി. ബാലചന്ദ്രൻ ആഘോഷം ഉത്ഘാടനം ചെയ്തു. ഡെപ്യൂട്ടി. മേയർ ശ്രീമതി രാജശ്രീ, ശ്രീ ജയരാജ് വാര്യർ എന്നിവർ പങ്കെടുത്തു.

**7. 'നിയുക്തി 2021'**

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും, സെന്റ് തോമസ് കോളേജ് പ്ലെയ്സ്മെന്റ് സെല്ലും ചേർന്ന് സംഘടിപ്പിച്ച മെഗാ ജോബ് ഫെയറായ 'നിയുക്തി' യിൽ 847 പേർക്ക് ജോലി ലഭിച്ചു. 1635 പേർ വിവിധ കമ്പനികളുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടു. 6531 പേർ ജോബ് ഫെയറിൽ പങ്കെടുത്തു.

**8. കാർഷികം**

ചേറൂർ കോളേജ് കാമ്പസിൽ കൃഷി ചെയ്ത് വിളവെടുപ്പ് നടത്തിയ 15 വാഴക്കുലകൾ കിലോയ്ക്ക് 50 രൂപ നിരക്കിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വില്പന നടത്തി.

**9. പുതിയ സ്റ്റാഫ്**

ശ്രീ ജെയ്സൺ ജോസിന് (20/12/21) സെന്റ് തോമസ് കോളേജിൽ നോൺ ടീച്ചിംഗ് സ്റ്റാഫായി ജോലി ലഭിച്ചു.

**10. പി.എച്ച്.ഡി ഗൈഡ്ഷിപ്പ് ലഭിച്ചു**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഫാ. സ്റ്റിഷിൻ പോൾ കെ യ്ക്കും, ബോട്ടണി ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ തോമസ് എം.റ്റി യ്ക്കും പി.എച്ച്.ഡി ഗൈഡ്ഷിപ്പ് ലഭിച്ചു.

**11. പി.എച്ച്.ഡി നേടി**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മിസ്. ലിജി ഡൊമിനിക്ക് ഡോ. കെ.എം. ഫ്രാൻസിസ്, ഡോ. സാബു പി.ജെ എന്നിവരുടെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി. 'ഇന്റർ നാഷണൽ മെയിൻ മൈഗ്രേഷൻ ആന്റ് ഇറ്റ്സ് ഇംപാക്ട് ഓൺ ലെഫ്റ്റ് ബിഹൈന്റ് വുമൻ ഇൻ കേരള'എന്നതായിരുന്നു ഗവേഷണ വിഷയം.

* ഡിപ്പാർട്ട്മെന്റ് ഓഫ് ക്രിമിനോളജി ആന്റ് പോലീസ് സയൻസ് വിഭാഗത്തിലെ അദ്ധ്യാപിക സ്വേദ തോമസ് കോട്ടയം മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി ബിരുദം നേടി.

**12. ക്രിസ്തുമസ് ആഘോഷം**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ഡിജിറ്റൽ ബി.പി മോണിറ്ററിംഗ് മെഷീൻ അയ്യന്തോൾ ഹെൽത്ത് കെയർ സെന്ററിലേക്ക് സമ്മാനമായി നൽകി.

* ക്രിമിനോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'മേഴ്സികോപ്പ്' എന്ന ചാരിറ്റബിൾ സംഘടനയ്ക്കുവേണ്ടി 'ഡ്രസ് ചലഞ്ച്' സംഘടിപ്പിച്ചു. ശേഖരിച്ച വസ്ത്രങ്ങൾ പോലീസ് അക്കാദമി ഡി.വൈ.എസ്.പി ശ്രീ. പി.റ്റി. ബാലൻ അവർകൾക്ക് പ്രിൻസിപ്പാൾ കൈമാറി.
* ഓരോ ഡിപ്പാർട്ട്മെന്റും ക്ലാസ്സ് അടിസ്ഥാനത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കേക്ക് മുറിച്ച് വിവിധ കലാപരിപാടികളോടെ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി. 'ഇസ്ട്രല്ല' എന്ന പേരിൽ കോളേജിൽ നടത്തപ്പെട്ട ആഘോഷത്തിൽ വിദ്യാർത്ഥികൾ പങ്കാളികളായി.

**13. യുവ ബൂട്ട് ക്യാമ്പ്**

ക്രൈസ്റ്റ് കോളേജിൽ വെച്ച് നടന്ന യുവ ബൂട്ട് ക്യാമ്പിൽ കോളേജിൽ നിന്നും 7 പേരുടെ 5 ടീമുകൾ പങ്കെടുത്തു. എന്റർപ്രനോർഷിപ്പിനെക്കുറിച്ചും സ്റ്റാർട്ടപ്പിനെക്കുറിച്ചും ബോധവത്ക്കരണത്തിനായി യുവ ബൂട്ട് ക്യാമ്പ് നടത്തിയത് കെ.ഐ.ഇ.ഡി ആണ്.

**14. ഡൊണേഷൻ നൽകി**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ പൂർവ്വവിദ്യാർത്ഥികൾ കോളേജ് ക്യാമ്പസ് ഗാർഡനിങ്ങിനു വേണ്ടി 1 ലക്ഷം രൂപ സംഭാവന ചെയ്തു.

**15. ഭൂമിത്രസേന ക്ലബ് ആരംഭിച്ചു**

കോളേജിൽ ഭൂമിത്രസേന ക്ലബ് ആരംഭിച്ചു. കോഴിക്കോട് സി.ഡബ്യു.ആർ.ഡി.എം സയന്റിസ്റ്റ് ഡോ. ജയസൂര്യൻ കെ. കെ ഉത്ഘാടനം ചെയ്തു. 60 വിദ്യാർത്ഥികൾ ഭൂമിത്രസേനയിൽ അംഗങ്ങളായി ചേർന്നു.

| | |
|---|---|
| **ഫാ. ബിജു പാണേങ്ങാടൻ** | **ഡോ. ആന്റോ പി. വി.** |
| എക്സിക്യൂട്ടീവ് മനേജർ | പി.ആർ.ഒ. |

## Santhwanam
ARCHDIOCESE OF TRICHUR

**1. വാർഷീകയോഗങ്ങൾ നടത്തി**

സോഷ്യൽ ഏക്ഷൻ, സോഷ്യൽ സെന്റർ ഹൗസിങ്ങ്, സോഷ്യൽ വെൽഫെയർ സെന്റർ എന്നീ സൊസൈറ്റികളുടെയും സാന്ത്വനം, സേവ് എ ഫാമിലി, സ്വിഫ്റ്റ് കുറീസ്, സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ്സ് എന്നീ ട്രസ്റ്റുകളുടെയും വാർഷീകയോഗങ്ങൾ ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽ വെച്ച് നടത്തുകയുണ്ടായി. മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഓരോ സ്ഥാപനത്തിന്റെയും വാർഷീക കണക്കുകൾ വായിച്ച് അംഗീകരിച്ചു.

**2. കാരിത്താസ് ഇന്ത്യ–റീജിയണൽ അസംബ്ളിയിൽ പങ്കെടുത്തു**

ജനുവരി 6,7 തിയ്യതികളിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്ത് വെച്ച് നടന്ന കാരിത്താസ് ഇന്ത്യ–റീജിയണൽ അസംബ്ളിയിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ പങ്കെടുത്തു. കാരിത്താസ് ഇന്ത്യയുടെ കീഴിൽ നടന്നുവരുന്ന പ്രോജക്റ്റുകളെക്കുറിച്ചും വിവിധ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ കോവിഡ് കാലഘട്ട

ത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അസംബ്ളിയിൽ ചർച്ച ചെയ്തു.

**3. KSBCDC വായ്പക്ക് അർഹത നേടി**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ ഒരു കോടി രൂപ വായ്പക്ക് സാന്ത്വനം അർഹത നേടി. സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് നല്കാനാണ് കോർപറേഷൻ വായ്പ അനുവദിക്കുക. 10 ഇടവകകളിലായി ഏറ്റവും നന്നായി പ്രവർത്തിച്ചുവരുന്ന 24 സംഘങ്ങളെയാണ് ഈ വായ്പ നല്കാനായി സാന്ത്വനം തെരഞ്ഞെടുത്തിരിക്കുന്നത്. വായ്പ നല്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ കോർപറേഷൻ നടത്തിവരുന്നു.

**4. ഗോഡ്സ് ഓൺ ഫാമിലി**

ഈ പദ്ധതിയിലെ 94 ഗുണഭോക്തൃ കുടുംബങ്ങളുടെ 5 വർഷ കാലാവധി പൂർത്തീകരിച്ചു. ഈ 5 വർഷവും മാസംതോറും നിശ്ചിതസംഖ്യ കുടുംബത്തിന്റെ എക്കൗണ്ടിലേക്ക് നല്കുകയായിരുന്നു. കാലാവധി പൂർത്തീകരിച്ച് എക്കൗണ്ട് ക്ലോസ് ചെയ്ത് നല്കിയ കുടുംബങ്ങളുടെ ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

അരിമ്പൂർ–Rs.12,000/–, എറവ്–Rs.21,335/–, കാഞ്ഞാണി– Rs.1,24,396/–, വില്ലടം– Rs.35,562/–, കിരാലൂർ–Rs.21,755/–, അരണാട്ടുകര–Rs.30,860/–, ചേലക്കര–Rs.8,33,635/–, പുത്തൻപീടിക–Rs.32,126/–, തലക്കോട്ടുകര–Rs. 81,609/–, മുണ്ടൂർ–Rs. 37,088/–, ഒല്ലൂർ– Rs.85,313/–, പെരിങ്ങോട്ടുകര–Rs.82,018/–, ചാഴൂർ–Rs.1,92,062/–, കല്ലൂർ– Rs.56,584/–, ചേർപ്പ്–Rs.64,021/–, തലോർ– Rs.25,610/–, ചിറ്റിശ്ശേരി– Rs.13,100/–, തെക്കുംപാടം– Rs.21,599/–, നെല്ലങ്കര–Rs.21,815/–, അടാട്ട്– Rs.36,096/–, നടത്തറ– Rs.10,034/–, മറ്റം–Rs.53,540/–,മഞ്ഞക്കുന്ന്–Rs.11,289/–,

ഗോഡ്സ് ഓൺ ഫാമിലിയുടെ പുതിയ പദ്ധതിയിലൂടെ ഫാമിലികളെ സഹായിക്കുന്നു. അടാട്ട് ഇടവകയിലെ ഗൃഹനാഥൻ മരിച്ച വലിയകുടുംബത്തിന് 10,000, പൂച്ചുണ്ണിപ്പാടം ഇടവകയിലെ ഗൃഹനാഥൻ മരിച്ച കുടുംബത്തിന് 2000, മനക്കൊടി, തിരൂർ, മുല്ലശ്ശേരി, പൂങ്കുന്നം, കല്ലൂർ, ഒല്ലൂക്കര, തെങ്ങാലൂർ എന്നീ ഇടവകകളിലെ കുടുംബങ്ങൾക്കുമാണ് മാസം തോറും വീട്ടാവശ്യത്തിനുള്ള പലവ്യഞ്ജനങ്ങൾ നല്കി സഹായിക്കുന്നത്.

**5. ലാവൻഡർ ആർമി**

ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി, കുട്ടികളിൽ കാൻസർ ബോധവല്ക്കരണം നടത്താൻ സ്കുളുകളിൽ, സാന്ത്വനം രൂപീകരിച്ച സംഘടനയാണ് ലാവൻഡർ ആർമി. ഇതിന്റെ

ഭാഗമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഹയർസെക്കൻഡറി സ്കൂളിൽ കാൻസർബോധവല്ക്കരണവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. ഈ പരിപാടിയിൽവെച്ച് കോവിഡ് 19 സുരക്ഷയുടെ ഭാഗമായി സാന്ത്വനം തയ്യാറാക്കിയ സെൽഫ് കെയർ കിറ്റുകൾ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ കുട്ടികൾക്ക് വിതരണം ചെയ്യുകയുണ്ടായി. തദവസരത്തിൽ സ്കൂളിലെ ലാവൻഡർ ആർമി സാമാഹരിച്ച തുക, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കാൻസർ രോഗിയുടെ കുടുബത്തിന് ഹെഡ്മിസ്ട്രസ് സി. എൽസ ആന്റോയും ഫാ.ജോയ് മൂക്കനും ചേർന്ന് കൈമാറി. സാന്ത്വനം കോർഡിനേറ്റർ ശ്രീ.നെൽസൺ, ആനിമേറ്റർ സിസ്റ്റർ.അജിൽ ജോസഫ്, MSW ട്രെയിനീസ് തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു.

**6. സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ജോയിന്റ് എക്കൗണ്ട് ക്ലോസിങ്ങ് തുടരുന്നു. 12 ഗുണഭോക്തൃകുടുംബങ്ങളുടെ എക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, 2,19,591 രൂപ കുടുബങ്ങൾക്ക് കൈമാറി. അവർ അത് വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി ഉപയോഗിക്കുന്നു.

**7. സുധീർ പ്രോജക്റ്റ് പൂർത്തീകരിച്ചു.**

സുധീർ പ്രോജക്റ്റിന്റെ ഭാഗമായി കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള 950 ൽപരം വളണ്ടിയേഴ്സിലൂടെ 7 മാസം കൊണ്ട് 5,00,192 വീട്ടുകാരിലേക്ക് ഓൺലൈനിലൂടെ കോവിഡ് 19 ബോധവല്ക്കരണം നടത്തിക്കൊണ്ട് ആദ്യത്തെ ഓൺലൈൻ പ്രോജക്റ്റായ സുധീർ പ്രോജക്റ്റ് ലക്ഷ്യം കണ്ടെത്തി. തൃശൂർ അതിരൂപത 18,697 വീട്ടുകാരെയും ഇരിഞ്ഞാലക്കുട രൂപത 11,317 വീട്ടുകാരെയും കോട്ടപ്പുറം രൂപത 17,996 വീട്ടുകാരെയും ബോധവല്ക്കരണം നടത്തിക്കൊണ്ട് 48,010 വീട്ടുകാരിലൂടെ തൃശൂർസോണും പ്രോജക്റ്റിന്റെ ലക്ഷ്യം കൈവരിച്ചു.

പ്രോജക്റ്റ് പൂർത്തീകരിച്ച ഈ അവസരത്തിൽ തൃശൂർ അതിരൂപത സാന്ത്വനത്തിന് പ്രോജക്റ്റ് നല്കിയ കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.ജേക്കബ് മാവുങ്കൽ, സിസ്റ്റർ ജെസ്സീന, ശ്രീ. ബെൻ മാത്യു എന്നിവരോട് നന്ദി പറയുന്നതോടൊപ്പം പ്രോജക്റ്റ് ലക്ഷ്യത്തിലെത്താൻ സഹായിച്ച പ്രോജക്റ്റ് കോർഡിനേറ്റർ ഫാ.ജോസ് വട്ടക്കുഴി, റീജിയണൽ കോർഡിനേറ്റർ ശ്രീ. തോമസ് എലുവത്തിങ്കൽ, തൃശൂർ സോണിലെ വളണ്ടിയേഴ്സ് എന്നിവർക്ക് അഭിനന്ദനവും അറിയിക്കുന്നു.

**8. സാന്ത്വനം സ്വിഫ്റ്റ് മാർട്ട്**

**23** ഇടവകകളിൽ നിന്നും സ്വിഫ്റ്റ് മാർട്ടിന്റെ ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നതിനു വേണ്ടി സാന്ത്വനവുമായി എഗ്രിമെന്റ് വയ്ക്കുകയും ആ ഇടവകകളിൽ ഫ്രാഞ്ചൈസികൾ പ്രവർത്തിക്കുകയും ചെയ്തുവരുന്നു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

### തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ മെറിറ്റ് ഡെയും 2022 വാർഷിക പദ്ധതി പ്രകാശനവും

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം 10, 12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് വാങ്ങിച്ച കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ ആദരിക്കുകയും, കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് നടത്തിയ കലാ സാഹിത്യ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനവും 2022 ലെ കുടുംബകൂട്ടായ്മകളിലെ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനവും തൃശ്ശൂർ അതിരൂപതയിൽ കുടുംബകൂട്ടായ്മ ആരംഭിച്ച് ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ ധനശേഖരണ ഉദ്ഘാടനവും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിക്കുകയുണ്ടായി. കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷനായിരുന്നു. കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. പോൾ പാറക്കൽ ഏവർക്കും സ്വാഗതം അർപ്പിച്ചു. ട്രഷറർ ശ്രീ. ജിനീഷ് വടക്കുംഞ്ചേരി നന്ദി പ്രകാശിപ്പിച്ചു. മെറിറ്റ് ഡെ ക്ക് അതിരൂപത കുടുംബകൂട്ടായ്മ ജനറൽ സെക്രട്ടറി ശ്രീ. ഷിന്റോ മാത്യു, ശ്രീ. ജെയ്സൻ മാണി, ശ്രീ. ഷെറിൻ ഡേവീസ്, കേണൽ റെജീന ജെയിംസ് എന്നിവർ നേതൃത്വം വഹിച്ചു.

**അതിരൂപത ജനറൽബോഡി**

**20.02.2022 ഞായർ – 3 pm**

അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി യോഗം 2022 ഫെബ്രുവരി 20–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നു. ഈ യോഗത്തിൽ അതിരൂപത ജനറൽബോഡി (16 ഫൊറോനയിലെ ഭാരവാഹികളും, അതിരൂപത ജനറൽബോഡിയിലേക്ക് നാമനിർദ്ദേശം ചെയ്തവരും) അംഗങ്ങളായ എല്ലാവരും പങ്കെടുക്കേണ്ടതാണ്. ഇതിനു പുറമെ ഇടവക കൺവീനർമാരെ പ്രത്യേകം ഈ യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

### 1. എ.എഫ്.സി. സ്ഥാപിച്ചത് ആർക്കുവേണ്ടി

സമൂഹത്തിൽ സാമ്പത്തികമായും അല്ലാതെയും ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കുന്നതിനും രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടനപരമായി നൽകേണ്ട സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ഓരോ വർഷവും ആയിരകണക്കിനു കോടി രൂപയുടെ സർക്കാർ ധനസഹായങ്ങളും ക്ഷേമപദ്ധതികളുമാണ് രാജ്യത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. അതായത് വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങി നിരവധി ക്ഷേമനിധി ബോർഡുകളിലൂടെ നൽകുന്ന വിവധ പെൻഷനുകൾ, ധനസഹായങ്ങൾ എന്നിവയും പഠിക്കാൻ കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും പഠിക്കാൻ സാമ്പത്തികമായി കഴിവില്ലാത്ത കുട്ടികളുടെ പഠനസാഹചര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടി നൽകുന്ന വിവിധങ്ങളായ സ്കോളർഷിപ്പുകൾ, ധനസഹായങ്ങൾ, വിദ്യാഭ്യാസ

ലോൺ മുതലായ വായ്പാ പദ്ധതികൾ തുടങ്ങി കൃഷി, വ്യവസായങ്ങൾ, കൈത്തൊഴിലുകൾ, ചെറുകിട സംരംഭങ്ങൾ, സ്വയം സഹായ സംഘങ്ങൾ, ബിസിനസ്സ് എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നൽകുന്ന വിവിധങ്ങളായ സബ്സിഡിയോടു കൂടിയ ധനസഹായങ്ങൾ, വായ്പാപദ്ധതികൾ, നിരവധി ചികിത്സാ സഹായ പദ്ധതികൾ, വീട് നിർമ്മിക്കുന്നതിനോ പുതുക്കി പണിയുന്നതിനോ നൽകുന്ന ധനസഹായങ്ങൾ, നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ ഉന്നമനം ലക്ഷ്യമിട്ടു നൽകുന്ന നിരവധി ധനസഹായങ്ങൾ തുടങ്ങി നൂറു കണക്കിനു പദ്ധതികൾ സർക്കാർ നമുക്ക് വേണ്ടി നടപ്പിലാക്കുന്നു.

എന്നാൽ അർഹതയുണ്ടായിട്ടും നമ്മിൽ ബഹുഭൂരിപക്ഷം ആളുകൾക്കും ഇത്തരം ധനസഹായങ്ങൾ ലഭിക്കുന്നതായി കാണുന്നില്ല. ഇത്തരം കാര്യങ്ങളെപ്പറ്റിയുള്ള അജ്ഞത, കൃത്യസമയത്ത് അറിയാത്തത്, അപേക്ഷിച്ചിട്ടും ലഭിക്കാത്ത സാഹചര്യം ഇവയൊക്കെ ഇതിനു കാരണമായി പറയാം.

സർക്കാർ അനുവദിക്കുന്ന തുകയുടെ 80% മുസ്ലീം വിഭാഗത്തിനും ബാക്കി 20% തുക മറ്റ് 5 ന്യൂനപക്ഷങ്ങൾക്കായി നൽകുക എന്ന രീതിക്കെതിരെ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, അമൽ സിറിയക് എന്നിവർ ഹൈക്കോടതിയിൽ ഹർജി നൽകിയതിന്റെ അടിസ്ഥനത്തിൽ 80:20 എന്ന അനുപാതം തെറ്റാണെന്നും ജനംസംഖ്യാനുപാതത്തിൽ നൽകണമെന്നുള്ള കോടതി വിധിയിലൂടെ നമുക്ക് 20% ത്തിന് പകരം 41% തുക ലഭിക്കുന്ന സാഹചര്യം ഉണ്ടായി. എന്നാൽ അർഹതപ്പെട്ട ഈ 41% തുക പോലും വാങ്ങിയെടുക്കുവാൻ വേണ്ട ബോധവൽക്കരണം താഴെ തട്ടിലുള്ളവരിലേക്ക് നടത്തുവാൻ നമുക്ക് സാധിക്കുന്നില്ല എന്നതാണ് വസ്തുത. ഇത്തരം കാര്യങ്ങൾ ഇടവക തലത്തിൽ ഏകോപിപ്പിക്കുന്നതിനും ബോധവൽകരണം നടത്തുന്നതിനുമാണ് തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ എ ഫ് സി രൂപീകരിച്ചത്.

**2. ഇടവക ഹെൽപ് ഡെസ്ക് (പി എഫ് സി)**

സർക്കാർ സഹായങ്ങൾ നേടിയെടുക്കേണ്ടത് ഇടവകയുടെ പൊതു ആവശ്യമാണെന്ന ബോധ്യം നമുക്കേവർക്കും ഉണ്ടായിരിക്കണം. പി എഫ് സി ആരംഭിക്കണമെന്ന് വികാരിയച്ചന്മാർ മാത്രം ചിന്തിച്ചതുകൊണ്ട് മാത്രം വിജയിക്കുകയില്ല. മറിച്ച് സർക്കാർ സഹായങ്ങൾ നേടിയെടുക്കേണ്ടത് ഇടവക ജനങ്ങളുടെ ആവശ്യമാണെന്നുള്ള ബോധ്യം ഉൾക്കൊണ്ടുകൊണ്ട് കൈക്കാരന്മാർ, പ്രതിനിധിയോഗം, സംഘടനകൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, മതബോധന അദ്ധ്യാപകർ എന്നിവർ വികാരിയച്ചനോടൊപ്പം പരസ്പര സഹകരണത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ പി എഫ് സി എന്ന ആശയം വിജയകരമായി നടപ്പിലാക്കു

വാൻ സാധിക്കുകയുള്ളൂ. പ്രാരംഭഘട്ടമെന്ന നിലയിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളതും സേവന മനോഭാവമുള്ളതുമായ ഒരു വ്യക്തിയെ യോഗം കൂടിയോ അല്ലാതെയോ കണ്ടെത്തി പി എഫ് സി കോഡിനേറ്റർ ആയി വികാരിയച്ചന് നിർദ്ദേശിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഏതെങ്കിലും സംഘടനയെ ഉത്തരവാദിത്വം ഏൽപ്പിക്കാവുന്നതുമാണ്. എ ഫ് സി യിൽ നിന്നും ലഭിക്കുന്ന മെസ്സേജുകൾ ഗുണഭോക്താക്കളിലേക്ക് എത്തിക്കുക, അവരെ കണ്ടെത്തി അപേക്ഷ പൂരിപ്പിച്ചയക്കുന്നതിൽ സഹായിക്കുക, അപേക്ഷയുടെ തത്സ്ഥിതികൾ ഇടക്കിടെ അന്വേഷിക്കുക ആവശ്യമെങ്കിൽ എ ഫ് സി ടീമിന്റെ സഹായം തേടുക, സർക്കാർ സഹായങ്ങളെപറ്റി പാരിഷ് ബുള്ളറ്റിൻ, നോട്ടീസ് ബോർഡ് എന്നിവയിലൂടെ കൃത്യമായി അറിയിപ്പ് നൽകുക, വികാരിയച്ചൻ കൈക്കാരന്മാർ എന്നിവരുമായി യോജിച്ചു പ്രവർത്തിക്കുക, ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുക, എന്നിവയാണ് ഒരു പി എഫ് സി കോഡിനേറ്ററുടെ പ്രധാന ചുമതലകൾ.

**ഇതുകൊണ്ടുള്ള നേട്ടമെന്ത്?**

400 കുടുംബങ്ങൾ ഉള്ള ഒരു ഇടവകയിൽ ശരാശരി ഒരു വർഷം 5 ലക്ഷം രൂപയുടെയെങ്കിലും സർക്കാർ ധനസഹായങ്ങൾ നേടിയെടുക്കുവാൻ സാധിക്കും. ഇത് ഏറ്റവും കുറഞ്ഞ ഒരു കണക്കാണ്. അങ്ങനെ പൊതു ഖജനാവിൽ നിന്നുള്ള പണം നമ്മുടെ ഇടവകയിലെ അർഹതപ്പെട്ട ഭവനങ്ങളിലേക്ക് തുടർച്ചയായി ലഭിക്കുമ്പോൾ അതിന്റെ അഭിവൃദ്ധി ആ കുടുംബത്തിനും അവർ ആയിരിക്കുന്ന സമൂഹത്തിനും ഇടവകക്കും ലഭിക്കുമെന്നതിൽ സംശയമില്ല. സർക്കാർ സഹായങ്ങൾ ആരുടേയും ഔദ്ദാര്യമല്ല അത് അർഹതപ്പെട്ടവന്റെ അവകാശമാണെന്നുള്ള ഒരു പൊതുബോധം നമ്മുടെ ഇടയിൽ സൃഷ്ടിക്കപ്പെടും. അതിലുപരി നമ്മൾ പള്ളികൾ കേന്ദ്രീകരിച്ചു പരസ്പരം സഹായിക്കുന്നതിലൂടെ പള്ളിയും സംവിധാനങ്ങളും മാമ്മോദീസാക്കും കല്ല്യാണത്തിനും മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിനും വി.കുർബാന അർപ്പിക്കുന്നതിനും മാത്രമല്ല വിശ്വാസികളുടെ ഭൗതീകമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അവരെ സഹായിക്കുന്നതിനുള്ള കേന്ദ്രങ്ങൾ കൂടിയാണെന്നുള്ള ചിന്ത വിശ്വാസികളിൽ ഊട്ടിയുറപ്പിക്കുവാൻ സാധിക്കും. അതിലൂടെ സഭാ മക്കളിൽ സമുദായ ഐക്യം വളർത്തുവാനും സാധിക്കുക എന്നതാണ് ഇത്തരം പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം.

ഭാരത ക്രൈസ്തവർക്ക് വിശ്വാസം പകർന്നു നൽകിയ വി. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചിട്ട് 1950 വർഷങ്ങൾ പൂർത്തിയാവുകയാണല്ലോ, 2022 ജൂലൈ 3–ാം തിയ്യതി. വിശ്വാസം സംരക്ഷിക്കു

ന്നതോടൊപ്പം സമുദായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനു വേണ്ടി സാധ്യമായ എല്ലാ ഇടവകകളിലും പി എഫ് സി ഹെൽപ് ഡെസ്ക് ജൂലൈ 3 ന് മുമ്പായെങ്കിലും ആരംഭിക്കുന്നതിന് വികാരിയച്ചൻമാരുടെയും ഇടവക നേതൃത്വത്തിന്റെയും നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു.

**സംശയനിവാരണത്തിനു ബന്ധപ്പെടുക ഫാ. ഡെന്നി താണിക്കൽ – 9605043327, റോണി അഗസ്റ്റിൻ – 9946221499, ജോമി ജോൺസൻ – 9447769815.**

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
**ഫാമിലി അപ്പൊസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005**

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# എക്സൽ അക്കാദമി

**1. PSC Coaching - 1 Year course**

2022 ഫെബ്രുവരി 1–ാം തിയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു.
അഡ്മിഷൻ – ജനുവരി 10
കമ്പയിന്റ് ക്ലാസ്സുകൾ, ലൈബ്രറി, മോക്ക് ടെസ്റ്റുകൾ

**2. Defence Course — 6 Months course**

CDS ( combined Defence service Exam)
NDA (National Defence Academy)
INET (lndian Navy Entrance Test)
AFCAT ( Air Force common Admission Test)

ഫെബ്രുവരി മാസത്തിൽ Defence Course കോഴ്സ് ആരംഭിക്കുന്നു. ജനുവരി 15–ാം തിയതിക്കുശേഷം അഡ്മിഷൻ ആരംഭിക്കും.

കോഴ്സുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്,
9495278764, 9847235070
9847276657, 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**1. ക്രിസ്തുമസ് കാർഡ് വിതരണം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തിയ ക്രിസ്തുമസ് കാർഡ് മത്സരത്തിൽ ഇരുന്നൂറിലധികം കുട്ടികൾ പങ്കെടുത്തു. കുട്ടികൾ നൽകിയ ക്രിസ്തുമസ് കാർഡുകൾ വിയ്യൂർ സെന്റ്രൽ ജയിലിലെ സഹോദരങ്ങൾക്ക് ബിഷപ് മാർ ടോണി നീലങ്കാവിലിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ദിനത്തിൽ ക്രിസ്തുമസ് സമ്മാനമായി നൽകി. സെൻട്രൽ ജയിൽ വെൽഫയർ ഓഫീസിർ ശ്രീ. ഒ. ജെ തോമസ്, അഭിവന്ദ്യ പിതാവിൽ നിന്നും കാർഡ് ഏറ്റുവാങ്ങുകയും ചെയ്തു.

**2. ആഘോഷമായ കുർബാനസ്വീകരണം**

ആദ്യ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 19 –ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ സി.) വച്ച് നടത്തുന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522

**3. Saints’ Quiz 2021-2022 Winners**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതല സെയിന്റ്സ് ക്വിസ്സ് ഡി.ബി.സി.എൽ സി.യിൽ വച്ച് ജനുവരി 8 ന് നട

ത്തി. 16 ഫൊറോനകളിൽ നിന്നുള്ള വിവിധ യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. ക്വിസ്സ് മാസ്റ്റേഴ്സായ ഫാ. ഡൈജോ പൊറുത്തൂരും, ഫാ. ജിജോ മാളിയേക്കലും ക്വിസ്സ് മത്സരത്തിന് നേതൃത്വം നൽകി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ ഏവരേയും അഭിസംബോധന ചെയ്യുകയും സമ്മാനവിതരണം നടത്തുകയും ചെയ്തു.

**സമ്മാനർഹരായ ടീമുകൾ**

First - St. Sebastian Church, Valapad
Elaina Mary Noel
Donz T Davies
Anly Robinson

Second - St. Thomas Forane Church, Mattom
Ann Mariya K.S.
Minna M.S.
Avina Mariya A.J.

Second - St. Thomas Church, Brahmakulam
Manas George
Joshlet Joshy P.
Jiya Joshy P.

Third - St. Antony's Church, Thoravu
Isabel Anna Vinoy
Alna Jos E.

**4. ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപതതല സമ്മാനദാനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2021–2022 അദ്ധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം 2022 ജനുവരി 16–ാം തിയ്യതി ഞായറാഴ്ച്ച മതബോധന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ തിരിതെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി ഏല്ലാവർക്കും സ്വാഗതം ആശംസിച്ചു. കോർഡിനേറ്റർ സി. ബീന റോസ് എസ്.എസ്.പി.സി. വാർഷിക റിപ്പോർട്ട് വായിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. അതിരൂപതതലത്തിൽ നടത്തിയ ഓൺലൈൻ കലാമത്സരങ്ങൾ, അതിരൂപതതല സെയിന്റ്സ് ക്വിസ്സ്, ദേയി വെർബും ക്വിസ്സ്, ക്രിസ്തുമസ് കാർഡ് മത്സരം, പുൽകൂട് മത്സരം എന്നിവയിൽ വിജയി

കളായ എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മാർ ടോണി നീലങ്കാവിൽ, മോൺ. ജോസ് വല്ലൂരാൻ, വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ, വിശ്വാസപരിശീലന അസ്സി.ഡയറക്ടർ ഫാ. ലിജോ ചാലിശ്ശേരി, ഫാ. മിഥുൻ ചുങ്കത്ത്, ഫാ. സിജോ മുരിങ്ങാത്തേരി എന്നിവർ സമ്മാനദാനം നിർവഹിച്ചു. ഇനിയും സമ്മാനങ്ങൾ കൈപറ്റാത്തവരുണ്ടെങ്കിൽ ചിൽഡ്രൻസ് മിനിസ്ട്രിയ ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് അങ്ങേ ദാസനെ സമാധാനത്തിൽ വിട്ടയ്ക്കണമേ എന്തെന്നാൽ സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു." (ലൂക്കാ 2: 29–31)

**സുകൃതജപം:** 'എന്റെ ഈശോയെ അങ്ങ് എന്റെ സ്നേഹമായിരിക്കണമേ'

**പ്രാർത്ഥനാ നിയോഗം:** ഇനിയും ഈശോയെകുറിച്ച് അറിയാത്ത സ്ഥലങ്ങളിൽ മിഷനറിമാർ കടന്നുചെല്ലുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** സകല എതിർപ്പുകളെയും അവഗണിച്ചുകൊണ്ട് ഇന്ത്യയിലേക്കുള്ള തന്റെ ദൈവവിളിയെ മനസ്സാ സ്വീകരിച്ചുകൊണ്ട് ഒരു ബ്രാഹ്മണനെപ്പോലെ ജീവിച്ച്, വിജയകരമായ മിഷൻ പ്രവർത്തനങ്ങളാൽ നാടുകടത്തപ്പെട്ട്, താമസിയാതെ സ്നാപകയോഹന്നാനെപോലെ ഒരു സ്ത്രീയുടെ കോപത്തിന് പാത്രമായി, അവസാനം വേദനാസമ്പൂർണമായ ജയിൽ വാസത്തിനിടയ്ക്ക് തല വെട്ടപ്പെട്ട് ഈശോയ്ക്ക് വേണ്ടി രക്തസാക്ഷിയായിതീർന്ന വി. ജോൺ ബ്രിട്ടോ ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. വിശുദ്ധന്റെ തിരുനാൾ ഫെബ്രുവരി 4 ന് തിരുസഭയിൽ കൊണ്ടാടുന്നു.

**പ്രവർത്തനം**: ഈശോയ്ക്ക് അനുരൂപപ്പെട്ട് വിജ്ഞാനത്തിലും വിവേകത്തിലും വളർന്നുവരുവാൻ മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# ജീസസ് യൂത്ത്

### 1. പാരിഷ് ഫാമിലി ഗാദറിങ്ങ്

ഇടവകതലത്തിൽ ജീസസ് യൂത്ത് കൂട്ടായ്മകളെ വളർത്തുകയും, പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ 'എന്റെ പള്ളി'യുടെ ഭാഗമായി ഡിസംബർ മാസത്തിൽ തൃശ്ശൂർ സോണിലെ 24 ഇടവകകളിൽ ഇടവകതല ജീസസ് യൂത്ത് കൂട്ടായ്മയുടെ നേതൃത്വത്തിൽ അതാതു പള്ളികളിൽ ഒത്തുചേർന്നുകൊണ്ട് പാരിഷ് ഫാമിലി ഗാദറിങ് നടത്തുകയും ക്രിസ്തുമസ് ഒരുമിച്ചു ആഘോഷിക്കുകയും ചെയ്തു.

ഇടവക വികാരിയുടെ സാന്നിധ്യത്തിൽ മാതാപിതാക്കളും, മക്കളും, മുൻകാല ജീസസ് യൂത്തും ഒത്തുചേർന്ന ഈ കൂട്ടായ്മ വേറിട്ട ഒരു അനുഭവം ആയിരുന്നു. ക്രിസതുമസ് സമ്മാനമായി ഇടവക വികാരിമാർക്ക് ഊറാറയും കെയ്റോസ് മാസികയും നൽകുകയും ഉണ്ടായി.

### 2. ഡിസെനിയൽ ജൂബിലി

ജീസസ് യൂത്ത് വേലൂർ സബ്സോൺ രൂപീകൃതമായതിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് 'ഡിസെനിയൽ ജൂബിലി ഡി.ജെ. 2021 എന്ന പേരിൽ മെഗാ ഗാദറിങ് ഡിസംബർ 5ന് നടത്തപ്പെടുകയുണ്ടായി. പ്രോഗ്രാം വിളംബരം ചെയ്യുകൊണ്ട് നവംബർ 28ന് 'റൈഡ് വിത്ത് ഡി. ജെ. എന്ന പേരിൽ ദീപശിഖാപ്രയാണം സംഘടിപ്പിച്ചിരുന്നു. ഫൊറോന വികാരി ഫാ.ഡേവിസ് ചിറയത്ത് ദീപശിഖാപ്രയാണം ഫ്ളാഗ് ഓഫ് ചെയ്യുകയും തുടർന്നു നാൽപ്പതോളം വാഹനങ്ങളുടെ അകമ്പടിയോടെ വേലൂർ ഫൊറോന ഇടവകയിൽ നിന്നും വേലൂർ സബ്സോൺ ജീസസ് യൂത്ത് ആനിമേറ്റർ ഫാ.സലീഷ് അറങ്ങാശ്ശേരിയുടെ ഇടവകയായ തയ്യൂരിലേക്കും, തുടർന്ന് മെഗാ ഗാദറിങ് നടത്തപ്പെട്ട വെള്ളാറ്റഞ്ഞൂർ ഇടവകയിലേക്കും പോവുകയുണ്ടായി. വെള്ളാറ്റഞ്ഞുർ ഇടവക വികാരി ഫാ. ഡേവിസ് ചാക്കാലക്കൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഡിസംബർ 5 ന് രാവിലെ 1 മണിമുതൽ വൈകീട്ട് 5:30 വരെ വെള്ളാറ്റഞ്ഞൂർ ഇടവക ജൂബിലി ഹാളിൽ വെച്ച് നടന്ന മെഗാ ഗാദറിങ്ങിൽ സബ്സോണിലെ പതിമൂന്നോളം ഇടവകകളിൽ നിന്നും യുത്തും ഫാമിലീസുമായി 300 പേരോളം പേർ പങ്കെടുത്തു. പൊതുസമ്മേളനം ഫാ.ഡേവിസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്തു. വേലൂർ ഫൊറോന വികാരി ഫാ.ഡേവിസ് ചിറയത്ത് അധ്യക്ഷത വഹിച്ചു. പ്രസ്ലുത യോഗത്തിൽ ഫാ.സലീഷ് അറങ്ങാശ്ശേരി, വേലൂർ സബ്സോൺ ആനിമേറ്റർ ഫാ.പ്രസാദ് കുരിശിങ്കൽ സി.എസ്.ടി., ഫാ.റോജർ വാഴപ്പിള്ളി, ഫാ.ബിറ്റോ തലക്കോട്ടൂർ, ഫാ. ജോയ്സൺ കൊരേത്ത്, സോണൽ കൺസിൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ എന്നിവർ ആശംസകളർപ്പിച്ചു. ജുബിലീകൃതജ്ഞതാബലിയിലൂടെയും, പൊതുസമ്മേളനത്തിലൂടെയും, മറ്റു കലാപരിപാടികളിലൂടെയും പ്രോഗ്രാം മനോഹരമായി കടന്നുപോയി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പ്രോഗ്രാം മധ്യേ 15,000/ രൂപയോളം കൈമാറുവാൻ സാധിച്ചു. തുടർന്നുവരുന്ന 10 മാസങ്ങളിലും ജൂബിലിയുടെ ഭാഗമായി സബ്സോൺ നല്ല അയൽക്കാരൻ ടീമിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുവാൻ തീരുമാനിക്കുകയും ജൂബിലിയുടെ സ്മരണയ്ക്കായി മരം നടുകയും ചെയ്തു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

# കെസിവൈഎം

**1. കെസിവൈഎം തൃശ്ശൂർ അതിരൂപത യുവജന ദിനാഘോഷം സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.**

കെസിവൈഎം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 12 ന് നടക്കുന്ന യുവജന ദിനാഘോഷത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ.ടോണി നീ

ലങ്കാവിൽ നിർവഹിച്ചു. കോവിഡ് മഹാമാരി കാലത്ത് കെസിവൈഎം യുവജന പ്രസ്ഥാനം ചെയ്ത സന്നദ്ധ പ്രവർത്തനങ്ങൾ എന്നും ഒരു മാതൃകയാണ് എന്ന് ഉദ്ഘാടന വേളയിൽ സഹായ മെത്രാൻ കൂട്ടിച്ചേർത്തു, യുവജനങ്ങളെ കോർത്തിണക്കി നടത്തുന്ന യുവജന ദിനാഘോഷത്തിന് പ്രാർത്ഥനാശംസകളും നേർന്നു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, ജനറൽ കൺവീനർ ജിയോ മാഞ്ഞൂരാൻ, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, സെക്രട്ടറിമാരായ മെജോ മോസസ്, വിന്നി വിൻസന്റ്, ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ, വിപിൻ ലൂവിസ്,  ഡാനിയേൽ ജോസഫ്, ഫൊറോന യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**2. കെസിവൈഎം തൃശ്ശൂർ അതിരൂപത യുവജനദിനാഘോഷം ലോഗോ പ്രകാശനം ചെയ്തു.**

അതിരൂപതയിലെ യുവജനങ്ങളെ കോർത്തിണക്കി നടത്തുന്ന കെസിവൈഎം യുവജന ദിനാഘോഷത്തിന്റെ ലോഗോ പ്രകാശനം റോം അപ്പസ്തോലിക് വിസിറ്റേഷൻ, വികാരി ജനറാൾ, റവ.ഡോ.ബാബു പാണാട്ടുപ്പറമ്പിൽ നിർവഹിച്ചു. സഭയ്ക്കും, സമൂഹത്തിനും വേണ്ടി യുവജനങ്ങളെ കർമ്മ നിരതമാക്കാൻ യുവജന ദിനാഘോഷത്തിന് സാധിക്കട്ടെ എന്ന് ലോഗോ പ്രകാശന വേളയിൽ അച്ചൻ കൂട്ടി ചേർത്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ് , ജനറൽ കൺവീനർ ജിയോ മാഞ്ഞൂരാൻ, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ , ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ,ഷെറിൻ വർഗീസ്, ഡാനിയേൽ ജോസഫ് , സ്നേഹ ബെന്നി, ജോയ്സൻ, ഫൊറോന യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**3. കെസിവൈഎം യുവജനദിനാഘോഷം തീം സോംഗ് പ്രകാശനം**

കെസിവൈഎം യുവജന ദിനാഘോഷം തീ സോംഗ് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവദ്ധ്യ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തു. ബോൺ നത്താലെ വർക്കിംഗ് ചെയർമാൻ ഫാ. സിംസൺ ചിറമ്മേൽ, അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, ബോൺ നത്താലെ കൺവീനർ അനുപ് പുന്നപ്പുഴ, മറ്റ് കെസിവൈഎം അതിരൂപത ഭാരവാഹികൾ പങ്കെടുത്തു

**4. കെസിവൈഎം യുവജനദിനാഘോഷം പോസ്റ്റർ പ്രകാശനം ചെയ്തു.**

കെസിവൈഎം യുവജന ദിനാഘോഷത്തിന്റെ പോസ്റ്റർ  തൃശ്ശൂർ അതി

രൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി പ്രകാശനം ചെയ്തു. കോവിഡ് കാലത്തെ യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, യുവജന ദിനാഘോഷത്തിന് ആശംസകൾ അർപ്പിച്ച് അച്ചൻ സംസാരിച്ചു. അതിരൂപത, ഫൊറോനാ ഭാരവാഹികൾ പങ്കെടുത്തു.

**5. കെസിവൈഎം തൃശ്ശൂർ അതിരൂപത യുവജനദിനാഘോഷം തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.**

കെസിവൈഎം തൃശ്ശൂർ അതിരൂപത യുവജന ദിനാഘോഷം കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വെച്ച് നടന്നു. പൊതുസമ്മേളനം തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. 'ക്രൈസ്തവ യുവത കരുതലായി കുടുംബത്തിലും സഭയിലും സമൂഹത്തിലും' എന്ന് പിതാവ് ആഹ്വാനം ചെയ്തു. സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ യുവജന സന്ദേശം നൽകി. 'ജീവിച്ചു കാണിക്കുന്ന, പ്രവർത്തിച്ചു കാണിക്കുന്ന' മാതൃക സ്തംഭങ്ങളായി മാറേണ്ടവരാണ് ഇന്നത്തെ യുവജനങ്ങൾ ' എന്ന് പിതാവ് ഓർമ്മിപ്പിച്ചു. കെസിവൈഎം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോയ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ആമുഖ പ്രസംഗം നടത്തി. അതിരൂപത ട്രഷറർ ജിഷാദ് ജോസ്, പാസ്റ്റർ കൗൺസിൽ സെക്രട്ടറി മേരി റെജീന, സംസ്ഥാന ട്രഷറർ സാജൻ ജോസ്, മുൻ ആനിമേറ്റർ സിസ്റ്റർ ടീന മരിയഎന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. യുവജന ദിന റാലിയുടെ പതാക അഭിവന്ദ്യ പിതാക്കന്മാർ ജനറൽ കൺവീനർ ജിയോ മാഞ്ഞൂരാന് കൈമാറി. 2019 20 വർഷത്തെ മുൻകാല അതിരൂപത ഭാരവാഹികളെ ആദരിച്ചു. അതിരൂപതയിൽ വിവിധ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച യുവതി യുവാക്കളെയും ഈ കഴിഞ്ഞ കാലയളവിൽ നടത്തിയ മത്സരങ്ങളുടെ വിജയികളെ അഭിവന്ദ്യ പിതാക്കന്മാർ അഭിനന്ദിച്ചു.

പ്രതിനിധി സമ്മേളനം കെസിവൈഎം സംസ്ഥാന ആനിമേറ്റർ സിസ്റ്റർ റോസ് മെറിൻ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് ജസ്ന ജിജോ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സിസ്റ്റർ ഫ്രാൻസി മരിയ അനുഗ്രഹപ്രഭാഷണം നടത്തി. സെക്രട്ടറി വിന്നി നന്ദി പറഞ്ഞു. കോതമംഗലം രൂപത അംഗം ജെയ്സൻ അറയ്ക്കൽ സെമിനാർ നേതൃത്വം നൽകി. യുവജന ദിനാഘോഷത്തിന്റെ തലേ ദിവസം 7 മേ

ഖല പ്രയാണങ്ങൾ അതിരൂപത ബിഷപ്പ് ഹൗസിൽ എത്തിച്ചേർന്നു. യുവജന ദിവ്യബലി, കൾച്ചറൽ പ്രോഗ്രാം, മ്യൂസിക് ആൻഡ് എന്നിവ ദിനാഘോഷത്തിന്റെ മാറ്റ് വർധിപ്പിച്ചു. മെജോ മോസസ്, ഹെൽന സാബു, ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ, വിപിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ് സ്നേഹ ബെന്നി, ഫൊറോന, ഇടവക ഭാരവാഹികൾ നേതൃത്വം നൽകി.

**6. ആഗോള സഭയുടെ മധ്യസ്ഥനായ വി.യൗസേപ്പ് പിതാവിന്റെ വർഷ സമാപനത്തിന്റെ ഭാഗമായി പോസ്റ്റർ കാർഡും, പോസ്റ്റൽ സ്റ്റാമ്പും പ്രകാശനം ചെയ്ത് : തൃശ്ശൂർ അതിരൂപത കെ സിവൈഎം**

വി.യൗസേപ്പിതാവിനെ ആഗോള സഭയുടെ മധ്യസ്ഥനായി പ്രഖ്യാപ്പിച്ചതിന്റെ 150ാം വാർഷികത്തിന്റെ സമാപനത്തിന്റെ ഭാഗമായി കെ സി വൈ എം തൃശ്ശൂർ അതിരൂപത പോസ്റ്റർ കാർഡും , പോസ്റ്റൽ സ്റ്റാമ്പും വേലൂപ്പാടം  സെന്റ് ജോസഫ് ദേവാലയത്തിൽ പ്രകാശനം ചെയ്തു. വേലൂപ്പാടം തീർത്ഥാടന കേന്ദ്രത്തിന്റെ വികാരി ഫാ.ജോബ് വടക്കൻ അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിലച്ചന് നൽകി കൊണ്ടാണ് പ്രകാശനം ചെയ്തത്. 'യുവജനങ്ങൾക്ക് മാതൃകയായ വി.യൗസേപ്പിതാവിന്റെ ജീവിതം യുവജനങ്ങൾ എന്നും മാതൃകയാകണം' എന്ന് പ്രകാശന വേളയിൽ അച്ചൻ ഓർമ്മിപ്പിച്ചു. തീർത്ഥാടന കേന്ദ്രം അസി. വികാരി ഫാ.ബിനോയ് മഞ്ഞളി, അതിരൂപത പ്രസിഡന്റ് സാജൻ ജോയ്, സംസ്ഥാന ട്രഷറർ സാജൻ ജോസ്, ജനറൽ സെക്രട്ടറി അഖിൽ ജോസ് , ട്രഷറർ ജിഷാദ് ജോസ് , വൈസ് പ്രസിഡന്റുമാരായ ജീയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ , ആനിമേറ്റർ സി. ഫ്രാൻസി മരിയ, മെജോ പൊറത്തൂർ, വിപിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ് , സ്നേഹ ബെന്നി, പുതുക്കാട് ജനറൽ സെക്രട്ടറി അനസ് ആന്റോ, ലൂർദ്ദ് ഫൊറോന പ്രസിഡന്റ് ഷാരോൺ ഡേവിസ്, പുത്തൂർ ഫൊറോന പ്രസിഡന്റ് അഷേർ ഷാജു, വേലൂപ്പാടം യൂണിറ്റ് പ്രസിഡന്റ് സോനു , മറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**7. കെസിവൈഎം പ്രസ്ഥാനത്തിന്റെ പ്രഥമ ഡയറക്ടർ മോൺ. തോമസ് തലച്ചിറ അനുസ്മരണം**

കെസിവൈഎം കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ തൃശ്ശൂർ അതിരൂപത പ്രഥമ ഡയറക്ടറായി 15 വർഷവും, സംസ്ഥാന ഡയറക്ടർ ആയി പത്തു വർഷവും സേവനം ചെയ്ത മോൺ. തോമസ് തലച്ചിറ അച്ചന്റെ എട്ടാമത് ചരമവാർഷികം അച്ചൻ നിത്യശാന്തി കൊള്ളുന്ന ചേരുംകുഴി സെന്റ് ജോസഫ്  ദേവാലയത്തിൽ വച്ച് ദിവ്യബലിയും, ഒപ്പീസും, പുഷ്പാർച്ചനയും, അനുസ്മരണ യോഗവും നടന്നു. അതിരൂ

പത പ്രസിഡന്റ് സാജൻ മുണ്ടൂർ, അതിരൂപത ഡയറക്ടർ ലിൻസൺ ത ട്ടിൽ, അതിരൂപത ജന. സെക്രട്ടറി അഖിൽ ജോസ്, ചേരുംകുഴി ഇടവക വികാരി ടോം വേലൂക്കാരൻ, പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡന്റ് തൊ മ്മി പിടിയത്, ആനിമേറ്റർ സി. ഫ്രാൻസി മരിയ തുടങ്ങിയവർ അനുസ്മ രണ യോഗത്തിന് അഭിസംബോധന ചെയ്ത് സംസാരിച്ചു. അതിരൂപത വൈസ് പ്രസിഡന്റുമാർ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സിൻ ഡിക്കേറ്റ് മെമ്പർ സാജൻ ജോസ്, സെനറ്റ് മെമ്പർമാരായ ടോണി കല്ലൂ ക്കാരൻ, മെജോ പൊറത്തൂർ, വിപിൻ ലൂയിസ്, ഷെറിൻ വർഗീസ്, ചേ രുംകുഴി യൂണിറ്റ് സെക്രട്ടറി അജിൽ, പുത്തൂർ ഫൊറോന പ്രസിഡന്റ് ആഷർ, പറപ്പൂർ ഫൊറോന പ്രസിഡന്റ് ജെറിൻ ജോസ് തുടങ്ങിയവർ പങ്കെടുത്തു...

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭ

അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തക സമിതിയോഗം പൂത്തോൾ കാൽവരി ആശ്രമത്തിൽ കൂടി. യോഗത്തിൽ ഫ്രാൻസിസ്കൻ അല്മായ സഭ രൂപതാ ഡയറക്ടർ ഫാ. ആന്റണി തെക്കിനിയത്ത് അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭാ പ്രസിഡന്റ് ജോസ് പീറ്റർ സ്വാഗതം പറഞ്ഞു. അതിരൂപത സെക്രട്ടറി സണ്ണി വടക്കൻ റിപ്പോർട്ടും, ട്രഷറർ വരവ്–ചിലവ് കണക്കും അവതരിപ്പിച്ചു.

അതിരൂപതയിലെ 100 യൂണിറ്റുകളിലേയും ഇലക്ഷൻ നടത്തുന്ന തിനെക്കുറിച്ച് ചർച്ച നടത്തി. നാഷണൽ ഭാരവാഹികളുമായി ആലോ ചിച്ച് തീരുമാനിക്കാൻ ധാരണയായി. അതിരൂപത ജനറൽ ബോഡി

യോഗം ഏപ്രിൽ  മാസം നടത്തുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ യൂണിറ്റുകളിലെ സഭാ പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ചകൾ പരിഹരിക്കുവാൻ നിർദ്ദേശം നൽകി. മെമ്പർഷിപ്പ് പ്രവർത്തനം നടത്തുന്നിനും ഇടവകകളിൽ അർത്ഥി സ്വീകരണം സഭാവസ്ത്ര സ്വീകരണം, നിത്യവ്രത വാഗ്ദാനം എന്നിവ നടത്തുന്നതിനുവേണ്ട ക്രമീകരണം ചെയ്യുവാൻ തീരുമാനിച്ചു. കാനോനിക സന്ദർശനങ്ങൾ എല്ലാ ഇടവകകളിലും റീജിയൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ സമയ ബന്ധിതമായി നടത്തുവാൻ നിർദ്ദേശം നൽകി.

അതിരൂപതയിലെ വിവിധ ഫ്രാൻസിസ്കൻ സഭകളുടെ കേരള ഫ്രാൻസിസ്കൻ ഫാമിലി മീറ്റ് ഫെബ്രുവരി മാസം 12 ശനിയാഴ്ച കാൽവരി ആശ്രമത്തിൽ നടത്തുവാൻ തീരുമാനിച്ചു.

കേരള ഫ്രാൻസിസ്കൻ ഫാമിലി യൂണിയനിൽ കപ്പൂച്ചിൻ സഭ, മലബാർ മിഷനറി ബ്രദേഴ്സ്, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ, സ്കൂൾ സിസ്റ്റേഴ്സ്, റ്റി. ഒ. ആർ പാലയൂർ, ഹോളി ക്രോസ് സിസ്റ്റേഴ്സ് എടക്കളത്തൂർ, സാൻ ഡാമിയാനോ തൃശൂർ,  എഫ്. സ്. ഒ. തൃശൂർ, എഫ്. സി. സി. പാലിശേരി, സെന്റ് എലിസബിത്തിൻ സിസ്റ്റേഴ്സി പൊങ്ങണംകാട്, എഫ്. എസ്. എൽ. ജി. പാലയൂർ, ഡി.എം. സിസ്റ്റേഴ്സ് എരവിമംഗലം എന്നീ ഫ്രാൻസിസ്കൻ ഭാതൃത്വങ്ങളാണ്. കേരള ഫ്രാൻസിസ്ക്കൻ ഫാമിലി യൂണിയനിൽ ഉൾപ്പെട്ടിരിക്കുന്നത്.

എസ്. എഫ്. ഒ. തൃശൂർ രൂപതയിലെ എല്ലാ ഇടവകയിൽ നിന്നും പ്രസിഡന്റും 5 റീജിയനിലെ ഭാരവാഹികൾ മുഴുവനും ഫാമിലി മീറ്റിൽ പങ്കെടുക്കണമെന്ന് അറിയിച്ചു. എല്ലാ റീജിയനും വിവിധ കലാപരിപാടികൾ നടത്തണമെന്നും തീരുമാനിച്ചു. യോഗത്തിൽ ഫാ. വിൻസെന്റ് കണ്ണനായ്ക്കൽ, ഫാ. തോമസ് പുത്തൂർ, സി. ഷാരോൺ തെരേസ, സി. ലിറ്റി തെരേസ, കെ.ടി. ലോറൻസ് എന്നിവർ പ്രസംഗിച്ചു. പി.ഡി. ജോസഫ് നന്ദി രേഖപ്പെടുത്തി സമാധാനപ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ജോസ് പീറ്റർ**
പ്രസിഡന്റ്

**ഫാ. ആന്റണി തെക്കിനിയത്ത്**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. കത്തോലിക്ക കോൺഗ്രസ്സിന് പുതിയ നേതൃത്വം**

തൃശ്ശൂർ അതിരൂപത കത്തോലിക്കാ കോൺഗ്രസ്സിന് യൂണിറ്റ്, ഫൊറോന, അതിരൂപത ഘടകങ്ങൾക്ക് പുതിയ നേതൃത്വം നിലവിൽ വന്നു. അതിരൂപതാ ഭാരവാഹികളായി
ജോഷി വടക്കൻ – പ്രസിഡന്റ്
എൻ.പി ജാക്സൻ – ജനറൽ സെക്രട്ടറി
തോമസ് ചിറമ്മൽ, കരോളി ജോഷ്വാ – വൈസ് പ്രസിഡന്റുമാർ
റോണി അഗസ്റ്റിൻ, മേഫി ഡെൽസൻ – ജോയിന്റ് സെക്രട്ടറിമാർ
ഡോ. ജോൺസൺ ആളൂർ – ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു.

**2. ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധ സദസ്സ്**

ഭാരതത്തിൽ വർദ്ധിച്ചു വരുന്ന ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങളിലും പീഡനങ്ങളിലും കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രതിഷേധം രേഖപ്പെടുത്തി. കോർപറേഷൻ ഓഫീസിനു മുന്നിൽ നടന്ന പ്രതിഷേധ സദസ്സ് എം.എം.ബി സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കരുവേലി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**3. ക്രിസ്ത്യൻ വിവാഹ രജിസ്ട്രേഷൻ ബിൽ തള്ളിക്കളയണം**

ക്രൈസ്തവർക്കായി നിർദേശിച്ചിട്ടുള്ള പുതിയ വിവാഹ രജിസ്ട്രേഷൻ നിയമം തള്ളിക്കളയണമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ ജനറൽ ബോഡി യോഗം സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടു. അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഡയറക്ടർ ഫാ. വർഗ്ഗീസ് കൂത്തൂർ അദ്ധ്യക്ഷത വഹിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി ജാക്സൻ**
ജനറൽ സെക്രട്ടറി

**1. തെരഞ്ഞെടുപ്പ്** : പ്രമുഖ കലാ–സാംസ്കാരികസംഘടനയായ കലാസദന്റെ പ്രസിഡന്റായി ഡോ. ഇഗ്നേഷ്യസ് ആന്റണിയേയും സെക്രട്ടറിയായി ഫാ. ഫിജോ ആലപ്പാടനേയും തെരഞ്ഞെടുത്തു. മറ്റു ഭാരവാഹികളായി ബേബി മൂക്കൻ (വൈസ് പ്രസിഡന്റ്), ബാബു ജെ. കവലക്കാട്ട് (ജോ. സെക്രട്ട റി), ജോമോൻ ചെറുശ്ശേരി (ട്രഷറർ), ജെയ്ക്കബ് ചെങ്ങലായ് (സംഗീതവിഭാഗം കൺവീനർ), സി.ജെ. ജോൺ ജോ.കൺവീനർ എന്നിവരേയും തെരഞ്ഞെടുത്തു. മറ്റ് സബ്ബ് കമ്മിറ്റി കൺവീനർ, ജോ.കൺവീനർമാരായി ഫാ. പോൾ മാള്യേമ്മാവ്, സെബി ഇരിമ്പൻ (നാടകം), ഫ്രാങ്കോ ലൂയീസ്, എം.ജെ. തോമസ് (സാഹിത്യം), ബാബു ചിറ്റിലപ്പിള്ളി, ലിജിൻ ഡേവീസ് (ലളിതകല), മേഴ്സി ബാബു, ടി.ഒ. വിത്സൻ(നൃത്തം), തോമസ് കൊള്ളന്നൂർ, ടോണി ഏനോക്കാരൻ (മാനേജിങ്ങ് കമ്മിറ്റി) എന്നിവരെ തെരഞ്ഞെടുത്തു. സംഘടനയുടെ സുവർണ്ണജൂബിലി വർഷമായ 2022–ൽ വിപുലമായ ജൂബിലി ഓരോ മാസവും വ്യത്യസ്ത പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

**2. കലാസദൻ സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു**

പ്രമുഖ കലാ–സാംസ്കാരികസംഘടനയായ കലാസദന്റെ ഒരു വർഷം നീണ്ടുനില്ക്കുന്ന സുവർണ്ണജൂബിലി ആഘോഷങ്ങൾ സംഘടനയുടെ രക്ഷാധികാരി കൂടിയായ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ജൂബിലി വർഷത്തിൽ 50 ഇന കർമ്മപരിപാടികൾ നടപ്പാക്കുമെന്ന് പ്രസ്താവിച്ചു. സംഗീതസംവിധായകൻ ഔസേപ്പച്ചൻ "ജൂബിലിലോഗോ" കേരളസംഗീതനാടക അക്കാദമി സെക്രട്ടറി പ്രഭാകരൻ പഴശ്ശിക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. സെക്രട്ടറി ഫാ. ഫിജോ ആലപ്പാടൻ, വൈ. പ്രസിഡണ്ട് ബേബി മൂക്കൻ, കൺവീനർ ജെയ്ക്കബ് ചെങ്ങലായ്, ജോ.കൺവീനർ സി.ജെ.ജോൺ എന്നിവർ സംസാരിച്ചു. മാർ താഴത്ത് കലാസദന്റെ ഉപഹാരം ഔസേപ്പച്ചന് സമ്മാനിച്ചു. യോഗം സംഗീതസം

വിധായകൻ കൈതപ്രം വിശ്വനാഥന്റെ നിര്യാണത്തിൽ അനുശോചിച്ചു. തുടർന്ന് ഓൺലൈനിൽ 'തുമ്പയും തുളസിയും' എന്ന പേരിൽ നടത്തിയ ഔസേപ്പച്ചൻ ഗാനങ്ങളുടെ സംഗീതപരിപാടിയും ഉണ്ടായിരുന്നു. റീന മുരളി, മനോജ്കുമാർ, റുഷെയിൻ റോയ് എന്നിവർ ഗാനങ്ങളാലപിച്ചു. പരിപാടികൾക്ക് ലിജിൻ ഡേവിസ്, ജോമോൻ ചെറുശ്ശേരി, ബാബു കവലക്കാട്ട്, ഫാ. പോൾ മാള്യേമ്മാവ്, സെബി ഇരിമ്പൻ, മേഴ്സി ബാബു, ടി.ഒ. വിത്സൻ, എം.ജെ. തോമസ്, ടോണി ഏനോക്കാരൻ തുടങ്ങിയവർ നേതൃത്വം നല്കി. രാവിലെ പാസ്റ്ററൽ സെന്റർ ചാപ്പലിൽ ഫാ. ഫിജോ ആലപ്പാടൻ പ്രത്യേക ജൂബിലി വി. കുർബ്ബാന അർപ്പിച്ചു.

**ഫാ. ഫിജോ ആലപ്പാടൻ**
**സെക്രട്ടറി**

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

## Family Eve - 21

തൃശ്ശൂർ അതിരൂപതയിൽ കുടുംബപ്രേഷിത ദൗത്യം ഏറ്റെടുത്തു നടത്തുന്ന ദമ്പതി സംഘടനകളുടെ പ്രതിനിധികളോടൊപ്പം ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് ഡിസംബർ 26 ന് തിരുകുടുംബ തിരുനാൾ ആഘോഷിച്ചു. 2009 ൽ ലോഫ് ആരംഭിച്ചതിന്റെ 12–ാം വാർഷികം കൂടിയായിരുന്നു ഈ വർഷത്തെ തിരുകുടുംബ തിരുനാൾ. ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് കൂട്ടായ്മയിലെ കുടുംബങ്ങളോടൊപ്പം ഷേൺസ്റ്റാറ്റ് ഫാമിലി മൂവ്മെന്റ്, ഏകം ദമ്പതീ ധ്യാനം, ജീസസ് യൂത്ത് ഫാമിലി സ്ട്രീം, ഹോളി ഫാമിലി ലേ അസോസിയേഷൻ, ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി എന്നീ സംഘടനകളിലെ അംഗങ്ങളും ഉൾപ്പെടെ 75 കുടുംബങ്ങൾ പങ്കെടുത്തു.

കുടുംബങ്ങളുടെ നന്മക്കായി പ്രവർത്തിക്കുന്ന സമർപ്പിത കുടുംബങ്ങൾ ഉള്ള തൃശ്ശൂർ അതിരൂപത ആഗോളസഭയ്ക്ക് മാതൃകയാണ് എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാ

പ്പോലീത്ത പറഞ്ഞു. കുടുംബവർഷത്തിൽ പ്രാദേശിക കുടുംബസംഗമങ്ങൾ നടത്തണമെന്ന ഫ്രാൻസീസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം തൃശ്ശൂർ അതിരൂപതയിലെ കുടുംബസംഗമം 2022 മെയ് 13, 14, 15 തിയതികളിൽ നടക്കും എന്ന് അഭിവന്ദ്യപിതാവ് പ്രഖ്യാപിച്ചു. കുടുംബപ്രേഷിത ദൗത്യം ഏറ്റെടുത്തു നടത്തുന്ന ദമ്പതീ സംഘടനകളെല്ലാം ഈ മഹത്തായ കാര്യത്തിന് ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപഭാഷണം നടത്തി.

വികാരി ജനറാൾമാരായ മോൺ.ജോസ് വല്ലൂരാൻ, മോൺ. തോമസ് കാക്കശ്ശേരി, ലോഫ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂർ, ലോഫ് സ്പിരിചൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, ഫാ. പീറ്റർ പഞ്ഞിക്കാരൻ (ഏകം), ഫാ. വിൽസൺ പാറേക്കാട്ടിൽ (ഷേൺസ്റ്റാറ്റ്), സി. റീന (ഹോളിഫാമിലി) ദമ്പതീ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ സംസാരിച്ചു. ലോഫ് പ്രസിഡണ്ട് ദമ്പതികളായ ഡോ. ടോണി, ഡോ. സുനി ദമ്പതികൾ സ്വാഗതം പറഞ്ഞു. ഡോ. ജോർജ് ലിയോൺസ്, അനി ദമ്പതികൾ നന്ദി അർപ്പിച്ചു. ഫാൻസ് ഓഫ് ജീസസ് അവതരിപ്പിച്ച മ്യൂസിക് ബാൻഡ് മനോഹരമായി

| | |
|---|---|
| **ഡോ. ടോണി & ഡോ. സുനി** | **ഫാ. ഫ്രാൻസിസ് ആളൂർ** |
| പ്രസിഡണ്ട് ദമ്പതികൾ | ഡയറക്ടർ |

# സി.എൽ.സി.

**1. വാർഷിക ജനറൽ ബോഡി യോഗം & മരിയോത്സവം 2021**

തൃശൂർ: അതിരൂപത സിഎൽസി 2021 വാർഷിക ജനറൽ ബോഡി യോഗവും മരിയോത്സവം 2021 ഫലപ്രഖ്യാപനവും 2022 വർഷത്തെ വാർഷികപദ്ധതി പ്രകാശനവും അതിരൂപത ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. സംസ്ഥാന സിഎൽസി പ്രൊമോട്ടർ ഫാ. ഫ്രെജോ വാഴപ്പിള്ളി യോഗം ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ അധ്യക്ഷത വഹിച്ചു. സിഎൽസി അനിമെറ്റർ

സി. ജ്യോതിസ് ഈ വർഷത്തെ മരിയോത്സവ വിജയികളെ പ്രഘ്യാപി ച്ചു. 2022 വർഷത്തെ അതിരൂപത വാർഷിക പദ്ധതി നാഷനൽ സൗത്ത് സോൺ പ്രസിഡന്റ് വിനേഷ് കോളെങ്ങാടൻ അതിരൂപത ജോയിന്റ് സെക്രട്ടറി ആൻ ഗ്ലെണ്ടക്ക് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. അ തിരൂപത ജനറൽ കോർഡിനേറ്റർ ജോമി ജോൺസൺ, സംസ്ഥാന സിഎൽസി ട്രഷറർ ബിജിൽ സി ജോസഫ്, സൗത്ത് സോൺ എക്സി ക്യൂട്ടിവ് ഡിൽജോ തരകൻ, എക്സിക്യൂട്ടിവ് നിയ തോബിയാസ്, എ ന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന് നടന്ന പൊതു ചർച്ചകൾക്ക് അതിരൂപത പ്രസിഡന്റ് നേതൃത്വം നൽ കി. ഇക്കാലയളവിൽ നമ്മെ വിട്ടുപോയ സഹപ്രവർത്തകരുടെ പ്രിയപ്പെട്ടവരുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സംസ്ഥാന സിഎൽസി പ്രോമോട്ടർ ആയി നിയമിതനായ ഫ്രജോ അ ച്ചനെ യോഗം അഭിനന്ദിച്ചു. വൈസ് പ്രസിഡന്റ് ജെറിൻ സ്വാഗതവും ട്രഷറർ അജിത്ത് നന്ദിയും പറഞ്ഞു.

**2. സംസ്ഥാന സിഎൽസി പ്രൊമോട്ടറായി ഫാ. ഫ്രെജോ വാഴപ്പിള്ളി**

സംസ്ഥാന സിഎൽസി പ്രൊമോട്ടറായി തിരഞ്ഞെ ടുക്കപ്പെട്ട ഫാ. ഫ്രജോ വാഴപ്പിള്ളിയെ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവും, അതിരൂപത പ്രൊമോട്ടർ ജിയോ തെക്കിനിയത്തും, അതിരൂപത സിഎൽസി അംഗങ്ങളും ചേർന്ന് അനുമോദിച്ചു

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രൊമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള

# നവവൈദികർ

**ആശംസകളോടെ**

**അതിരൂപത കുടുംബം**


Fr. Alappat Anals CMI
Madona Nagar


Fr. Alappat Shelbi CMI
Mundur


Fr. Chakkalakkal Varghese CMI
Palakkal


Fr. Cheruvathoor Joy VC
Puthuruthy


Fr. Chittilappilly Ridhin OFM.Cap.
Puthur


Fr. Emmatty Nijo SDB
Puthuruthy


Fr. Kachappilly Stio CMI
Vellanikode


Fr. Kakkassery Suraj CMI,
Mattom


Fr. Kalaparambath Lijo CMI, Varakkara


Fr. Kannadan Danish CMI
Nadathara


Fr. Kidangan Thomas MI
Punkunnam


Fr. Neelankavil Giffin CMI, Arimpur


Fr. Olakkengil Linston CMI
Pavaratty


Fr. Ollukkaran Anson CMI, Vendore


Fr. Suprath Ditto CMI
Kolazhy


Fr. Thachil Fidel SDB
Kunnamkulam


Fr. Thaliyan Varghese MSJ
Nehrunagar


Fr. Tharayil Jerin CMI
Peringottukara


Fr. Vembil Dinu SDV
Ammadom

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2022
**January- 2022**

## തൃശ്ശൂർ അതിരൂപതയിലെ
# നവവൈദികർ

### ആശംസകളോടെ അതിരൂപത കുടുംബം


Fr. Ainikkal Addwin
Ollukkara


Fr. Chittilappilly
Antony Jr. - Parappur


Fr. Edakalathur Godwin
Vellarakkad


Fr. Kanjirathingal Arun
Arimpur


Fr. Kizhakooden Godwin
Thalore


Fr. Muttath Paul
Perakom


Fr. Neelankavil Hadly
Mukkattukara


Fr. Olakengil Debin
Pavaratty


Fr. Payyappilly Jinu
Velappaya


Fr. Peramanglam John
Nellikkunnu


Fr. Thattil Benwin
Nedupuzha


Fr. Velukkaran Geo
Olarikkara

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor